VISWAKAIRALI

# വിശ്വകൈരളി

A MAGAZINE OF THE WORLD MALAYALEE FEDERATION

WORLD'S LARGEST PRAVASI MALAYALEE NETWORK

# 11
November
2024



## WMF
## വയനാടിനൊപ്പം

**മഴ പൊള്ളിച്ച നോവുകളിൽ നിന്ന്**

**സമ്മാനാർഹമായ ചെറുകഥകൾ**

**ഗ്ലോബൽ പ്രൊജക്റ്റ് ഭവന പദ്ധതി താക്കോൽ ദാനം**



## സപ്ന അനു ബി ജോർജ്

ചീഫ് എഡിറ്റർ, തിരുവനന്തപുരം



പ്രിയപ്പെട്ട വേൾഡ് മലയാളി കൂട്ടുകാരേ,

നമ്മുടെ വിശ്വകൈരളിയിൽ എന്റെ ഹ്രസ്വമായ 11 പതിപ്പുകളിലൂടെ എന്നിലുള്ള നിങ്ങളുടെ വിശ്വാസത്തെ ഞാൻ ആദരിക്കുന്നു, മാനിക്കുന്നു. നിങ്ങളുടെ പിന്തുണയിലൂടെ നമ്മുടെ ജന്മനാടിന്റെയും പല രാജ്യങ്ങളുടെയും മൂല്യങ്ങളെ ഏകോപിപ്പിച്ചു കൃത്യമായി എഴുതിവിവരിച്ചു കാണിക്കാൻ ഈ മാഗസിനിലൂടെ എന്റെ എഡിറ്റോറിയൽ ബോർഡിന്റെ സഹായസഹകരണങ്ങളിലൂടെ സാധിച്ചു.

'വയനാടിനൊപ്പം' എന്നതാണ് തവണത്തെ വിശ്വകൈരളിയുടെ വിഷയം. നമ്മുടെ ഗ്ലോബൽ ക്യാബിനറ്റിന്റെ നേതൃത്വത്തിൽ നടന്ന, റീജിയൻ കോർ അംഗങ്ങൾ, നാഷണൽ കോർ അംഗങ്ങൾ, കേരള സ്റ്റേറ്റ് കോർ അംഗങ്ങൾ, വയനാട് ജില്ല കോർ എന്നിവയുടെ സംയുക്ത യോഗത്തിൽ WMF ന്റെ കയ്യൊപ്പ് പതിപ്പിക്കാൻ പോന്ന മികച്ച ഒരു പദ്ധതി വയനാടിനായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ 'വയനാടിനൊപ്പം' എന്ന നമ്മുടെ മാഗസിൻ തീമിന് കാലിക പ്രസക്തിയുണ്ട്.

കഴിഞ്ഞ ഓണത്തിന്റെ ഓർമ്മകളും വിവിധ രാജ്യങ്ങളിൽ നടത്തിയ ഓണാഘോഷത്തിന്റെ ചിത്രങ്ങളും ലേഖനങ്ങളും കഥകളും ഇതവണ ഉൾപ്പെടുത്തിയിട്ടുണ്ട്. ആളുകൾക്ക് സ്വന്തം കാര്യം ശ്രദ്ധിക്കാനുള്ള ഒരു അവബോധം എപ്പോഴുമുണ്ട്. എന്നാൽ സാഹചര്യങ്ങളെ ആശ്രയിച്ച് ഈ മനുഷ്യപ്രകൃതി പ്രശ്നകരവും അപകീർത്തികരവുമാകാൻ സാദ്ധ്യതയുണ്ട്. എന്റെ നിലപാടുകളും ആശയങ്ങളും ഒരു പരിധിവരെ പറഞ്ഞറിയിക്കാൻ ഈ എഡിറ്റോറിയൽ പേജ് എന്നെ സഹായിച്ചു.

വയനാടിനുവേണ്ടി ഏവരുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ഇനിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്ഥതയോടെ,

എഡിറ്റോറിയൽ ബോർഡിനൊപ്പം.

**സപ്ന അനു ബി. ജോർജ്ജ്**
ചീഫ് എഡിറ്റർ.


വിശ്വകൈരളി

**Editorial Team:**
Vipin Jose Arthunkal
Anshad Koottukunnam
Meetu Rahmath Kalam
Usha Gopal
Mahesh manikkom
Rema Pisharadi

**Chief Editor:**
Sapna Anu B. George

**Advisory Board:**
Jaison Kaliyanil
Rajan Kokkuri

**Design:** Kailasnath

**Contact:**
viswakairali@worldmalayaleefederation.com

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl: 865685499, Wimbergergasse 5, 1070 Vienna, Austria, Europe

# വിപത്തിലും ഐക്യപ്പെടുന്ന മലയാളി സമൂഹം



**ഡോ. പ്രിൻസ് പള്ളിക്കുന്നേൽ**
ഫൗണ്ടർ ചെയർമാൻ

വേൾഡ് മലയാളി ഫെഡറേഷന്റെ (ഡബ്ല്യുഎംഎഫ്) എട്ടാം വാർഷികം ആഘോഷിക്കുമ്പോൾ, അഭിമാനവും സങ്കടവും കൂടിക്കലർന്ന അലകടൽ മനസ്സിനെ വിഴുങ്ങുകയാണ്. കഴിഞ്ഞ എട്ട് വർഷമായി നമ്മുടെ സംഘടനയുടെ ശ്രദ്ധേയമായ നേട്ടങ്ങളും വളർച്ചയും ആഘോഷിക്കുമ്പോൾ, കേരളത്തിലെ വയനാട്ടിൽ ഈയിടെയുണ്ടായ ഉരുൾപൊട്ടലിൽ നിരവധി പേർക്ക് ജീവനും ഉപജീവനമാർഗവും നഷ്ടമായതിൽ നമ്മുടെ സംഘടന നീറുന്നുണ്ട്.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് എന്നും ഒരുമയുടെ ദീപസ്തംഭമാണ് വേൾഡ് മലയാളി ഫെഡറേഷൻ. വൈവിധ്യമാർന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളെ ബന്ധിപ്പിക്കുന്നതിനും നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു വേദിയായി നമ്മുടെ സംഘടന പ്രവർത്തിച്ചിട്ടുണ്ട്. മലയാളികളെ ശാക്തീകരിക്കുകയും സമൂഹത്തിന്റെ പുരോഗതിക്ക് സംഭാവന നൽകുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ദൗത്യം.

നമ്മുടെ നാടിന്റെ വന്യസൗന്ദര്യം പേറുന്ന വയനാട്ടിലെ വിനാശകരമായ ഉരുൾപൊട്ടൽ ഇത്തവണത്തെ ആഘോഷങ്ങളുടെ മേൽ കരിനിഴൽ വീഴ്ത്തിയിരിക്കുന്നു. ആ വയനാടൻ മലനിരകളുടെ ഓരം ചേർന്നാണ് കരുവാരകുണ്ട് എന്ന എന്റെ സ്വന്തം ഗ്രാമവും. അതുകൊണ്ടു തന്നെ വയനാടിന്റെ ദുഃഖം വ്യക്തിപരമായി എന്റെയും ദുഃഖമാണ്. ഈ ദുരന്തം എണ്ണമറ്റ കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. ദുരന്തത്തിന്റെ പാടുകൾ ഉണങ്ങാൻ വർഷങ്ങളെടുക്കും. അത്തരം പ്രതികൂല സാഹചര്യങ്ങളിൽ, ഒരു സമൂഹമെന്ന നിലയിൽ നാം ഒത്തുചേരുകയും ദുരിതബാധിതർക്ക് പിന്തുണ നൽകുകയും ചെയ്യേണ്ടത് എന്നത്തേക്കാളും പ്രധാനമാണ്. വയനാട് ദുരന്തമുണ്ടായതിനു ശേഷം ദുരന്തമുഖത്ത് ആദ്യമെത്തിയ ആഗോള മലയാളി സംഘടന നമ്മുടെ സംഘടന ആയിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. ദുരന്തബാധിതർക്ക് വേണ്ടി നമുക്ക് എന്ത് ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാൻ വേണ്ടി സന്നദ്ധരായിക്കൊണ്ട് തന്നെ സംഘടന ഇപ്പോഴും സജ്ജരായി നിൽക്കുകയാണ്.

ഈ വർഷത്തെ ഓണാഘോഷങ്ങൾ നിശബ്ദമായേക്കാമെങ്കിലും, ഓണം തിരിച്ചുവരവിന്റെ, മാവേലിയുടെ വരവ് പോലെ, ആഘോഷമായതിനാൽ മുറിവേറ്റ നമ്മുടെ ആത്മാവിനെ തിരിച്ചു പിടിക്കാൻ ഈ ഓണം നമ്മെ സഹായിച്ചു എന്നു കരുതാം. അത് നമ്മുടെ പൈതൃകത്തിന്റെ ആഘോഷവും മനുഷ്യാത്മാവിന്റെ പ്രതിരോധശേഷിയുടെ ഓർമ്മപ്പെടുത്തലുമാണ്. വയനാട്ടിലെ ജനങ്ങൾക്ക് സഹായമെത്തിക്കാൻ WMF പ്രതിജ്ഞാബദ്ധമാണ്. ദുരന്തബാധിതർക്ക് ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നാം പ്രാദേശിക സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരുമായും സർക്കാർ ഏജൻസികളുമായും ചേർന്ന് പ്രവർത്തിക്കാനാണ് ശ്രമിക്കുന്നത്.

നാം മുന്നോട്ട് നോക്കുമ്പോൾ, ശക്തവും കൂടുതൽ പ്രതിരോധശേഷിയുള്ളതുമായ ഒരു WMF കെട്ടിപ്പടുക്കുന്നതിനുള്ള നമ്മുടെ പ്രതിബദ്ധത നമുക്ക് വീണ്ടും ഉറപ്പിക്കാം. ലോകമെമ്പാടുമുള്ള മലയാളികളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്താനും പ്രവർത്തിക്കാനും നമുക്ക് സാധിക്കട്ടെ. കൂടുതൽ നീതിയും സമത്വവുമുള്ള സമൂഹത്തിന് വേണ്ടി പ്രയത്നിക്കാം.

'ഐക്യമാണ് നമ്മുടെ ശക്തി.'

ഒറ്റക്കെട്ടായി നിന്നാൽ ഏത് വെല്ലുവിളിയും തരണം ചെയ്യാനും വരും തലമുറകൾക്ക് ശോഭനമായ ഭാവി കെട്ടിപ്പടുക്കാനും കഴിയും.

നമ്മുടെ സംഘടനയുടെ എട്ടാം വാർഷികത്തോടനുബന്ധിച്ച് ഏവർക്കും ആശംസകൾ നേരുന്നു.

**ഡോ. പ്രിൻസ് പള്ളിക്കുന്നേൽ**
ഫൗണ്ടർ ചെയർമാൻ



# ഡോ. ജെ. രത്നകുമാർ

ഗ്ലോബൽ ചെയർമാൻ.

പ്രിയ നേതാക്കളെ, അംഗങ്ങളെ വായനക്കാരേ,

എല്ലാവർക്കും എന്റെ സ്നേഹ നമസ്കാരം.

നമ്മുടെ ആഗോള സന്നദ്ധ സംഘടനയായ വേൾഡ് മലയാളി ഫെഡറേഷൻ (WMF)ന്റെ ഗ്ലോബൽ ചെയർമാൻ എന്ന നിലയിൽ, എണ്ണമറ്റ ജീവിതങ്ങളെ ദാരുണമായി ബാധിച്ച വയനാട്ടിലെ സമീപകാലത്തെ ഉരുൾപൊട്ടലിൽ എന്റെ അഗാധമായ ദുഃഖം പ്രകടിപ്പിക്കുന്നു. ഈ ദുരന്തം ജീവനും സ്വത്തിനും നഷ്ടമുണ്ടാക്കുക മാത്രമല്ല മാത്രമല്ല, നിരവധി കുടുംബങ്ങൾക്ക് ദുഃഖവും അനിശ്ചിതത്വവും നേരിടേണ്ടിവരികയും ചെയ്തു. ഇതുപോലുള്ള സമയങ്ങളിൽ, പരസ്പരം പിന്തുണയ്ക്കാൻ ഒരു സമൂഹമെന്ന നിലയിൽ നാം ഒത്തുചേരുന്നത് നിർണായകമാണ്.

ഈ ഒരു ഘട്ടത്തിൽ, വയനാടിന് ഒരു പതിപ്പ് പുറത്തിറക്കിയതിന് നമ്മുടെ ഹൗസ് മാസികയായ വിശ്വ കൈരളിയുടെ ചീഫ് എഡിറ്ററിനും എഡിറ്റോറിയൽ ബോർഡിനും എന്റെ തികഞ്ഞ സംതൃപ്തി രേഖപ്പെടുത്തുകയും അഭിനന്ദനം അറിയിക്കുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം വിനാശകരമായ സംഭവങ്ങൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ അത്യാവശ്യമാണ്. മണ്ണിനെ സുസ്ഥിരമാക്കാനുള്ള വന സംരക്ഷണ ശ്രമങ്ങൾ, ശരിയായ ഭൂവിനിയോഗ ആസൂത്രണം, ദുർബലമായ പ്രദേശങ്ങളുടെ പതിവ് നിരീക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, മണ്ണിടിച്ചിലിന് സാധ്യതയുള്ള ഇടങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നത് താമസക്കാരെ ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ പ്രാപ്തരാക്കും.

സഹായം ഏറ്റവും ആവശ്യമുള്ളവരിലേക്ക് എത്തുന്നുണ്ടെന്ന് മനസിലാക്കാൻ പ്രാദേശിക അധികാരികളുമായും മറ്റ് സംഘടനകളുമായും ആശയ വിനിമയം നടത്തേണ്ടതുണ്ട്. എന്നിരുന്നാലും, നിങ്ങളുടെ പരിപൂർണ പിന്തുണയോടെ മാത്രമേ നമ്മുടെ ഏതു ശ്രമങ്ങളും വിജയിക്കൂ. ദുരിതബാധിത സമൂഹങ്ങളെ വീണ്ടെടുക്കാനും പുനർനിർമ്മിക്കാനും സഹായിക്കുന്നതിന് ശരിയായ പുനരധിവാസം ഒരുപോലെ പ്രധാനമാണ്. അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കുക മാത്രമല്ല, അതിജീവിച്ചവർക്ക് മാനസികാരോഗ്യ പിന്തുണയും സാമ്പത്തിക അവസരങ്ങളും നൽകുകയും ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു.

നമ്മുടെ സമൂഹം നിലകൊള്ളുന്ന അനുകമ്പയുടെയും ഐക്യദാർഢ്യത്തിന്റെയും യഥാർത്ഥ മനോഭാവം നമുക്ക് ഒരുമിച്ച് പ്രകടിപ്പിക്കാം. നമ്മൾ പ്രതിരോധശേഷിയുള്ളവരാണ്, ഒരുമിച്ച് നമുക്ക് ജീവിതങ്ങൾ പുനർനിർമ്മിക്കാനും വളരെയധികം നഷ്ടം സംഭവിച്ചവരുടെ ഹൃദയങ്ങളിൽ പ്രതീക്ഷ പുനഃസ്ഥാപിക്കാനും കഴിയും. എന്നത്തേയും പോലെ, നിങ്ങളുടെ സഹകരണവും പിന്തുണയും പ്രതീക്ഷിച്ചുകൊണ്ട് തത്കാലം നിർത്തട്ടെ.

സ്നേഹാഭിവാദ്യങ്ങൾ,

**ഡോ. ജെ. രത്നകുമാർ,**
ഗ്ലോബൽ ചെയർമാൻ.
വേൾഡ് മലയാളി ഫെഡറേഷൻ

## സീതാലക്ഷ്മി



**ഉഷാ ഗോപാലിന്റെ അമ്മക്ക്**
**എഡിറ്റോറിയൽ ടീമിന്റെ ആദരാഞ്ജലികൾ**

# പ്രളയം

കൺവേഗം നിറയുന്നവെള്ളം,
അതിലലിയാതെ അലയുന്നു,
കണ്ണീർനിറഞ്ഞുള്ളമങ്ങുമിങ്ങും...

കളകളമൊഴുകിയ അരുവികൾ,
കോപത്തിൻ കണ്ണുതുറന്ന കണ്ണകിയായ്

പച്ചിലമേടു പുഴക്കിക്കരാളമാമോളങ്ങൾ
വീശിച്ചുഴറ്റിയാടി.
ഇന്നലെ തഴുകിക്കടന്നുപോയ
ഇളം കാറ്റും കുളിരിൻ മഴച്ചാറലും...,

പേയായകാളകൂടത്തിൻ ചിറകേറി
വന്നെത്തിയാടിത്തിമിർത്തതെന്തേ?

ശിലകളെ ശിഥിലമാക്കി
പല സുന്ദര, ഹർമ്മങ്ങൾക്കസ്ഥികളാക്കിയ
കോപമോ...
ആവാസനിയമങ്ങൾ ഭഞ്ജിച്ചതിൻ ശാപം,
നാടിൻനെടുവീർപ്പിൻതാപമായോ ...

ഉള്ളിന്നുരുൾപൊട്ടിയുഴറുന്നു
കാടിൻ നീരിന്നരികിലെ
ഇരകൾമാത്രം...

നാളെക്കെടുതിക്കതിരുകളില്ല,
തിരിച്ചറിവില്ല,
കുലമോ കുബേരനോ ഭേദമില്ല..

ഒന്നായ് വിഴുങ്ങി നുരയായൊടുങ്ങുവാൻ
കാത്തിരിക്കല്ലേ കൺതുറക്കാൻ

**ഉഷാഗോപാൽ.**



# മഴ പൊള്ളിച്ച നോവുകളിൽ നിന്ന്



**റഫീഖ് മരക്കാർ**
കേരള സ്റ്റേറ്റ് കൗൺസിൽ
പ്രസിഡന്റ്
വേൾഡ് മലയാളി ഫെഡറേഷൻ.

വയനാട്ടിൽ ഉരുൾ പൊട്ടലുണ്ടായി എന്ന വാർത്തയോടെയാണ് അന്ന് നേരം പുലർന്നത്. ആർക്കും ആപത്തൊന്നും ഉണ്ടാകല്ലേ എന്ന പ്രാർത്ഥനയെ വിഫലമാക്കിക്കൊണ്ട് മണ്ണിനടിയിൽ പൂണ്ടുപോയവരെക്കുറിച്ചുള്ള വിവരങ്ങൾ വന്നു തുടങ്ങി. ആ വാർത്തകളിൽ കണ്ണും കരളുമുടക്കി കടന്ന് പോയ ഒരു ദിവസത്തിനപ്പുറം പിറ്റേന്ന് കബീറും നോബിയും രാജു ചേട്ടനും സിദ്ദിക്കയും ചേർന്ന് WMF സഹപ്രവർത്തകർക്കൊപ്പം വയനാടിന്റെ കണ്ണീർ ഭൂമിയിലേക്ക്. അവിടേക്കടുക്കാൻ കിലോമീറ്ററുകൾ ബാക്കി ഉള്ളപ്പോഴേ കേൾക്കാം ചില്ല് ചീള് പോലെ കരളു പിളർക്കുന്ന ആംബുലൻസിന്റെ നിലവിളികൾ. തലങ്ങും വിലങ്ങും പായുന്ന ജീവൻരക്ഷാ പ്രവർത്തന വാഹനങ്ങൾ, വഴിയിലെമ്പാടും പോലീസുകാർക്കൊപ്പം ഗതാഗതം നിയന്ത്രിക്കുന്ന സന്നദ്ധസേനാംഗങ്ങളും, നാട്ടുകാരും. അപകടത്തിന്റെ വ്യാപ്തി ഏകദേശം മനസ്സിലായി ക്കഴിഞ്ഞിരുന്നു. ഇനിയൊരിക്കലും കണ്ണിൽ നിന്നും കരളിൽ നിന്നും മാഞ്ഞു പോകില്ലാത്ത കാഴ്ചകളുടെയും വേദനകളുടെയും നടുവിലേക്കാണ് ചെന്നിറങ്ങിയത്.

അവിടൊരു ഗ്രാമം ഉണ്ടായിരുന്നെന്നും, എത്രയോ പേരുടെ സ്വപ്നങ്ങളും കിനാവും അവിടുത്തെ മണ്ണിൽ ഉണ്ടായിരുന്നു എന്നും വിശ്വസിക്കാൻ കഴിയാത്ത വിധം പ്രകൃതി തകർത്തുകളഞ്ഞ ഒരിടം. ദുർഗന്ധം വമിക്കുന്ന ഇടങ്ങളിൽ നടത്തുന്ന തിരച്ചിലുകൾക്കൊടുവിൽ അറ്റുപോയ മൃതശരീര ഭാഗങ്ങൾ ഉയർത്തുന്ന ജെസിബികൾ! ഒരു കയ്യോ കാലോ കാണുമ്പോൾ ഒരിറ്റു ശ്വാസം ഉണ്ടെന്ന പ്രതീക്ഷയോടെ ആ മനുഷ്യ ജീവിയെ പുതഞ്ഞ മണ്ണിൽ നിന്നും ഉയർത്തുന്നു. ചീറി പാ






യുന്ന ആംബുലൻസുകളുടെ അവസാനിക്കാത്ത ശബ്ദം, തറ മാത്രം അവശേഷിച്ച വീടുകൾ, എങ്ങു നിന്നോ ഒഴുകി വന്ന ഒരു സൂട്ട്കേസിൽ ആരുടെയോ സ്വപ്നത്തിന്റെ ബാക്കിയെന്നോണം നശിക്കാത്ത ഒരു പാസ്പോർട്ട്, എന്നോ എടുത്ത കുടുംബാംഗങ്ങളുടെ ഫോട്ടോയും, എല്ലാം മണ്ണെടുത്തിട്ടും വെച്ചും വിളമ്പിയും വീട് നോക്കിയ വീട്ടമ്മമാരുടെ ഗന്ധം വഹിച്ചിരുന്നതിന്റെ ഓർമ്മക്കെന്ന പോൽ അവശേഷിച്ച അടുക്കള മാത്രം, തകർന്നടിഞ്ഞു പോയ ഒരു വീടിന്റെ ചുമരിൽ ഏതോ മിടുക്കനോ മിടുക്കിയോ കണ്ട സ്വപ്നങ്ങളെ നമുക്ക് കാണിച്ചു തരാനെന്ന പോലെ,അവർ വാങ്ങി കൂട്ടിയ മെഡലുകൾ; വയറെരിഞ്ഞ കുഞ്ഞുങ്ങൾക്ക് വെച്ചു വിളമ്പിയ പാത്രങ്ങൾ കൂട്ടത്തോടെ വന്നടിയുന്നു,.. അങ്ങനെ എണ്ണിയാലും പറഞ്ഞാലും തീരാത്ത നോവിന്റെ കാഴ്ചകൾക്ക് നടുവിൽ രണ്ട് ദിവസം...

ചവിട്ടി നിന്ന മണ്ണിൽ നിന്നും അല്പം ദൂരേക്ക് നടക്കുമ്പോൾ അത്രയും ദൂരം കാലടികൾ ഉറപ്പിച്ചു വെച്ചത് ആരുടെയൊക്കെയോ മൃതശരീരങ്ങൾക്ക് മേലെയാണെന്നു ബോധ്യപ്പെടുത്തിക്കൊണ്ട്, ജെസിബി ഉയർത്തിയെടുത്ത മൃത ശരീരത്തിൽ നിന്നും അറ്റ് വീഴുന്ന ഭാഗങ്ങൾ. കണ്ണീരടക്കാൻ പാടു പെടുന്ന രക്ഷാപ്രവർത്തകർ, കുഞ്ഞുങ്ങളുടെ ശരീരം യന്ത്രത്താൽ ഉയർത്തി എടുക്കുമ്പോൾ വിങ്ങി വിതുമ്പി, പിന്നെയതൊരു കൂട്ടകരച്ചിലാകുന്നു.

മൃത ദേഹങ്ങളുമായി പായുന്ന വണ്ടികൾ..., ഉറ്റവരുടെ ചേതനയറ്റ ശരീ







രത്തെ ഉറ്റു നോക്കി വാവിട്ടു നിലവിളിക്കുന്നവർ, ശബ്ദിക്കാൻ പോലും ശേഷിയില്ലാത്ത അത്ര നിസ്സഹായതയോടെ മരവിച്ചു പോയവർ, കരഞ്ഞു കരഞ്ഞു കണ്ണീർ വറ്റിയവർ, ഉറ്റവരും ഉടയവരും ജീവനോടെ ഉണ്ടോ എന്ന് അറിയാതെ വേവലാതി പൂണ്ട് ഓടി നടക്കുന്നവർ, എല്ലാം നഷ്ടപ്പെട്ടു എന്ന ബോധത്തിനും അബോധത്തിനും ഇടയിൽ ജല്പനങ്ങൾ നടത്തുന്നവർ, അലമുറകളുയരുന്ന ആശുപത്രികൾ, തിരിച്ചറിഞ്ഞ മൃതദേഹങ്ങൾ അതാത് മതാചാര പ്രകാരം കുളിപ്പിച്ചൊരുക്കുന്നവർ, കൂട്ടത്തോടെ സംസ്കരിക്കുന്നവർ. ദുരന്ത ഭൂമിയിലെ കാഴ്ചകളിൽ പലപ്പോഴും ശ്വാസം നിലച്ചു പോകുമോ എന്ന ഭയത്താൽ ഞാനെന്റെ ഹൃദയത്തിനു മീതെ വിറക്കുന്ന കൈവെള്ളയാൽ മുറുകെ അമർത്തിപിടിച്ചിരുന്നു.

ചുറ്റുമുള്ള കാഴ്ചകളിലുടക്കി വേദനയൊരു തീ പമ്പരം പോലെ നെഞ്ചിനെ ചുട്ടു പൊള്ളിച്ചപ്പോഴാണ് ചുറ്റുമുള്ള സുഹൃത്തുക്കളിലേക്ക് മിഴി പായിച്ചത്. എന്നേക്കാൾ ഒട്ടും വ്യത്യസ്തരായിരുന്നില്ല അവർ ആരും.




എവിടെയാണെന്ന് പോലും ബോധമില്ലാതെ ചിത്ത ഭ്രമം ബാധിച്ച പോലെ മിഴി നിറഞ്ഞത് പോലും അറിയാതെ എവിടെയോ മിഴി പായിച്ചുകൊണ്ട് നിശബ്ദരായിരുന്നു അവർ ഓരോരുത്തരും. ഇത്രയൊന്നും കരുതിയില്ലെന്നു വിഹ്വലതയോടെ ഒരാൾ പുലമ്പി. ഏതാനും വർഷങ്ങൾക്കു മുൻപ് പുത്തുമല മണ്ണെടുത്ത സമയത്ത് ഇത് പോലെ മൃതദേഹത്തിന്റെ അരഭാഗം മാത്രം വലിച്ചുയർത്തുന്ന കാഴ്ച കണ്മുന്നിൽ കണ്ടു അലറി കരഞ്ഞ ഓർമ്മയുള്ളതിനാൽ തന്നെ അവരെ എനിക്ക് മനസിലാകുന്നുണ്ടായിരുന്നു. മനസ്സ് നിയന്ത്രണ വിധേയമാക്കാൻ വൃഥാ ശ്രമിച്ചു കൊണ്ടേയിരിക്കുമ്പോഴും തൊണ്ട ക്കുഴിയിൽ ഉപ്പുകല്ല് പോലെ നോവ് പിടഞ്ഞ് കൊണ്ടേയിരുന്നു.


പത്ര, ദൃശ്യ മാധ്യമങ്ങൾ എഡിറ്റ് ചെയ്തു കാണിക്കുന്ന വാർത്തകൾക്കും അപ്പുറം കരൾ പിളർക്കുന്ന കാഴ്ചകളുടെ നടുവിൽ കണ്ണു നിറഞ്ഞും, കരളു പൊട്ടിയും നടക്കുമ്പോൾ തല്ലി തകർക്കപ്പെട്ട ആ നാടും മനുഷ്യരുമല്ലാതെ മറ്റൊന്നും മനസ്സിൽ കടന്നു വന്നില്ല. ദുരന്ത മുഖം മിക്കവാറും ജീവന്റെ തുടിപ്പുകൾ ഇല്ലാത്ത ഇടമായിരുന്നു. എങ്കിൽ ക്യാമ്പുകൾ ജീവനുണ്ടായിട്ടും മരിച്ച മനുഷ്യരുടെ ഇടമായിരുന്നു. എന്താണ്, എന്ത് ആശ്വാസ വാക്കാണ് പറയേണ്ടത് എന്നതിന് ഈ ലോകത്തുള്ള ഒരു ഭാഷയും മതിയാകില്ല എന്ന് ബോധ്യപ്പെട്ട നിമിഷങ്ങൾ. എപ്പോഴെങ്കിലും കേൾക്കുന്ന അലമുറയ്ക്കപ്പുറം നിസ്സഹായതയുടെ അടക്കിപ്പിടിച്ച തേങ്ങലുകൾ കൊണ്ട് വീർപ്പുമുട്ടിക്കുന്ന ഇടം. ശൂന്യത മാത്രം കണ്ണിൽ നിറഞ്ഞ മനുഷ്യക്കോലങ്ങൾ. അവർക്കാരോടും ഒന്നും പറയാനില്ല. അവരൊന്നും കേൾക്കുന്നുമില്ല. ഒരു രാത്രി പുലർന്നപ്പോൾ അവരുടെ ശബ്ദവും, കേൾവിയും കാഴ്ചയും, ജീവിതവും, സ്വപ്നവും ഒക്കെ കവർന്നെടുത്ത ആ നശിച്ച ഓർമ്മകൾ അത്രമേൽ അവരെ തകർത്തു തരിപ്പണമാക്കിയിട്ടുണ്ട്. പല വീടുകളിലും ആരും അവശേഷിക്കുന്നില്ല. അത്രമേൽ ആ ഭൂമിയെ വെള്ളവും മണ്ണും പാറയും തച്ചുടച്ചു കളഞ്ഞു. ഇനിയെന്ത് എന്ന ചോദ്യം പോലും പലരുടെയും ചിന്തയിൽ ഇല്ല.

രണ്ട് ദിവസം കൊണ്ട് ഒരായുസ്സിന്റെ ദുരിത കാഴ്ചകളും ഹൃദയത്തിൽ പേറി ചൂരൽ മലയിൽ നിന്നും മടങ്ങുമ്പോൾ കണ്ണുനീര് നിറഞ്ഞു കാഴ്ച മങ്ങിയിരുന്നു. മനുഷ്യത്വമെന്ന ഒറ്റ ബിന്ദുവിൽ, ദുരന്തഭൂമിയിൽ നിന്നും ആർദ്രതയോടെ ഒത്തുകൂടിയ നിരവധി മനുഷ്യരെക്കൂടി നെഞ്ചേറ്റിയായിരുന്നു മടക്കം. റോഡ് ഗതാഗതത്തിനു നേതൃത്വം കൊടുക്കുന്ന സംഘടനകൾ, പോലീസ്, ആംബുലൻസ് ഡ്രൈവർമാർ, ഭക്ഷണം വിതരണം ചെയ്യുന്നവർ, മണിക്കൂറുകൾ കൊണ്ട് പാലം നിർമ്മിച്ച ഇന്ത്യൻ ആർമി, ജെസിബി ഓപ്പറേറ്റർമാർ, മണ്ണ് മാന്താനും മൃതദേഹങ്ങൾ പുറത്തെടുക്കാനും തയ്യാറായി സന്നദ്ധ സേവകർ, ക്യാമ്പുകളിൽ സേവനം ചെയ്യുന്ന പൊതു പ്രവർത്തകർ, ഡോക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ, രാഷ്ട്രീയ മേഖലയിൽ ഉള്ളവർ, തങ്ങൾക്കുള്ളത് മുഴുവനും, ഉള്ളതിന്റെ പങ്കും ഒക്കെ എത്തിക്കുന്ന വ്യാപാരി വ്യവസായികൾ, ഗവണ്മെന്റ് തല ഉദ്യോഗസ്ഥർ, ഇലക്ട്രിസിറ്റി ജീവനക്കാർ, പൊതുജനങ്ങൾ... അന്നമായി, അപ്പമായി, ഉടുതുണിയായി, മരുന്നായി, മനുഷ്യരായി ഒരു നാടിന്റെ ഇരുട്ടിൽ വിളക്കുമാടങ്ങളായവർ പ്രകാശിച്ചു.

ആ ഭൂമി വിട്ടിറങ്ങുമ്പോഴും പെയ്തു കൊണ്ടേയിരുന്ന മഴയ്ക്ക് പോലും തണുപ്പിക്കാൻ കഴിയാത്ത വേദനയിൽ ഉള്ളം പൊള്ളുമ്പോഴും... എല്ലാം മറന്ന് അതിജീവനത്തിലേക്ക് ചുവടു വെക്കാൻ അവർക്കു കഴിയണേ എന്ന നിശബ്ദ പ്രാർത്ഥന ഉള്ളിൽ ഉരുക്കഴിച്ചു കൊണ്ടേയിരുന്നു. VK



# ദൈവത്തിന്റെ സ്വന്തം നാടിനെ പുനർനിർമ്മിക്കാം



**രാജൻ വി കോക്കൂരി**
ഒമാൻ


കേരളത്തെ എന്നും നെഞ്ചിലേറ്റി നമുക്ക് സംരക്ഷിക്കാം. കുട്ടിക്കാലത്ത് പഴയ പൂർവ്വികരുടെ വീടിന്റെ ജനാലയുടെ അരികിൽ ഇരുന്ന് മഴ നിരീക്ഷിക്കുക, മഴത്തുള്ളികളിൽ നടക്കുക, കുളിക്കാൻ പോകുമ്പോൾ കുളത്തിലേക്ക് ചാടുക എന്നിവ എന്നെ പോലുള്ള കുട്ടികളുടെ ഒരു ശീലമായിരുന്നു. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഞാൻ എന്റെ പഴയകാല ഓർമ്മകളിലേക്ക് തിരികെ പോകുന്നു. ഈ ആധുനിക യുഗത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നിരിക്കുന്നു. കൗമാരപ്രായത്തിൽ ഞങ്ങൾ അക്കരക്ക് സമീപം പ്രകൃതി രമണീയമായ ചേലക്കരക്കടുത്ത് ഒഴുകുന്ന നദിക്ക് കുറുകെ ഒരു മത്സരം എന്നപോലെ നീന്തുമായിരുന്നു. ഞങ്ങൾ കുട്ടികൾക്ക് സ്കൂളിൽ പോകുമ്പോൾ ഒരിക്കലും കുട ഉണ്ടായിരുന്നില്ല, വെള്ളം പിടിച്ചുനിർത്താനുള്ള ശേഷിയുള്ള വലിയ വാഴയിലകളെ ആശ്രയിച്ചിരുന്നു.

എല്ലാ കുറവുകളോടെയും ആണെങ്കിലും ജീവിതം വളരെ സന്തോഷകരമായിരുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, പ്രകൃതിദുരന്തങ്ങൾ മൂലം ജീവൻ നഷ്ടപ്പെടൽ എന്നിവയെക്കുറിച്ച് നമ്മൾ ആകാലത്ത് കേട്ടിരുന്നില്ല. ഇന്നത്തെ കേരളത്തിൻറെ നിലനിൽപ്പ് തന്നെ അതിഭീകരമായി മാറിയിരിക്കുന്നു. ഒരു വശത്ത് മുല്ലപ്പെരിയാർ അണക്കെട്ടിനും ഇടുക്കി അണക്കെട്ടിനും എന്തെങ്കിലും സംഭവിച്ചാൽ എന്തുചെയ്യും എന്നും എല്ലാവരും ഭയപ്പെടുന്നു. എന്നെ സംബന്ധിച്ചിടത്തോളം കേരളം എന്റെ പ്രിയപ്പെട്ട അന്തരിച്ച അമ്മയെപ്പോലെ പ്രിയപ്പെട്ടതാണ്, ആളുകൾ അടുത്ത ബന്ധുക്കളെയും സുഹൃത്തുക്കളെയും പോലെ പ്രിയപ്പെട്ടവരാണ്.

> ”
> മനോഹരമായ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പുനർനിർമ്മിക്കാൻ ഒരു സംഘമെന്ന നിലയിൽ നമുക്ക് എന്തുചെയ്യാൻ കഴിയും. സർക്കാർ വകുപ്പുകളെ നമുക്ക് എങ്ങനെ പിന്തുണയ്ക്കാൻ കഴിയും എന്നത് ഒരു വലിയ ചോദ്യമാണ്

മനോഹരമായ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പുനർനിർമ്മിക്കാൻ ഒരു സംഘമെന്ന നിലയിൽ നമുക്ക് എന്തുചെയ്യാൻ കഴിയും. സർക്കാർ വകുപ്പുകളെ നമുക്ക് എങ്ങനെ പിന്തുണയ്ക്കാൻ കഴിയും എന്നത് ഒരു വലിയ ചോദ്യമാണ്. തൃശ്ശൂർ ജില്ലയിലെ എന്റെ നാടായ ആറ്റൂരിനടുത്തുള്ള കനാലുകളിലൊന്ന് പാലക്കാട്ട്, തൃശൂർ ജില്ലകൾക്ക് സമീപമുള്ള ചീരക്കുഴിയിൽ നിന്ന് ആരംഭിച്ച് 50.7 കിലോമീറ്റർ നീളമുള്ള 11 ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നു, ഒടുവിൽ അതിന്റെ ശേഷിക്കുന്ന വെള്ളം കൊണ്ടയൂരിലെ ഭാരതപ്പുഴയിലെ നദിയിലേക്ക് ഒഴുകുന്നു.


ഭാരതപ്പുഴ കേരളത്തിന്റെ നട്ടെല്ലായി കണക്കാക്കപ്പെടുന്നു. എല്ലാ നദികളും സംരക്ഷിക്കുക, അതിന്റെ പ്രകൃതി സൌന്ദര്യവും, മണലും, ചുറ്റുപാടുകളും സംരക്ഷിക്കുകയും കുടിവെള്ള വിതരണത്തിനും ജലസേചന ആവശ്യങ്ങൾക്കുമായി മതിയായ ജലസംഭരണികൾ ആധുനിക രീതിയിൽ നിർമ്മിക്കു



കയും വേണം. എല്ലാവരും ഒത്തുചേർന്ന് നമ്മുടെ മണ്ണും മരങ്ങളും നമ്മുടെ പരിസ്ഥിതി വ്യവസ്ഥയുടെ നിലനിൽപ്പും സംരക്ഷിക്കാൻ വളരെയധികം കാര്യങ്ങൾ ചെയ്യാൻ സാധിക്കും.നമ്മുടെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള പരിഹാരങ്ങൾ നമ്മുടെ ഗവൺമെന്റ് കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഘട്ടങ്ങളും ഉൾക്കാഴ്ചകളും വിവിധ ഘട്ടങ്ങളായി നടക്കുവാൻ സാധിക്കട്ടെ.

നദികൾ വൃത്തിയാക്കുന്നതിലും അവയുടെ യഥാർത്ഥ പാതകൾ സംരക്ഷിക്കുന്നതിലും നദികളുടെ തീരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിലും നമുക്ക് കൈകോർക്കാം. പാറ്റൺ, ഉള്ളൂർ, കുന്നുകുഴി തുടങ്ങിയ സ്ഥലങ്ങൾക്ക് സമീപം കനാൽ വീതികൂട്ടുന്നത് വെള്ളപ്പൊക്കം തടയാൻ തീർച്ചയായും സഹായിക്കും. ജലത്തിന്റെ ഒഴുക്ക് തടസ്സമില്ലാതെ സുഗമമായിരിക്കണം.നിരവധി നിർമ്മിത ഘടനകൾ ജലത്തിന്റെ സ്വതന്ത്രമായ ഒഴുക്കിനെ തടയുന്നു. തെത്തിയ്യാർ കനാലിന്റെ സ്വാഭാവിക ഒഴുക്കിനെ വഴിയിലെ നിർമ്മാണങ്ങൾ തടസ്സപ്പെടുത്തുന്നു. ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള സർക്കാർ,സാമൂഹിക സേവന ഏജൻസികൾ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്നും ദൈനംദിന പ്രവർത്തനങ്ങൾക്ക് മതിയായ നടപടികൾ കൈക്കൊള്ളുന്നുവെന്നും ഉറപ്പാക്കേണ്ടതുണ്ടെന്ന് തോന്നുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവ കാരണം നമുക്ക് ധാരാളം വിലയേറിയ ജീവനുകളും സ്വത്തുക്കളും നഷ്ടപ്പെടുന്നു. ഗ്രാമങ്ങളിൽ ചെറിയ ഗ്രൂപ്പുകൾ രൂപീകരിച്ച് ചില മുൻകരുതൽ നടപടികൾ കൈക്കൊള്ളാനും ഭാവിയിൽ വലിയ ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ കൃത്യസമയത്ത് അധികാരികളെ അറിയിക്കാനും കഴിയുമെങ്കിൽ അത് നന്നായിരിക്കും. യുവാക്കളും കുട്ടികളും നമ്മുടെ ഭാവിയാണ്. സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സഹായം കേരള സർക്കാരിന്റെ സേവന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാം. യുവാക്കളുടെ പരിശ്രമങ്ങൾ വളരെ നല്ലരീതിയിൽ നടന്നത് കഴിഞ്ഞ പ്രളയ കാലത്ത് നാം കണ്ടതാണ്.

ആധുനിക ജീവിതത്തിൽ മഴവെള്ള സംഭരണത്തിനും, സൌരോർജ്ജ പദ്ധതികൾക്കും സർക്കാർ കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ഓരോ പൌരനും മാർഗനിർദേശം നൽകുകയും സബ്സിഡികൾ നൽകി സാമ്പത്തികമായി പിന്തുണയ്ക്കുകയും വേണം. സൌരോർജ്ജ പദ്ധതികൾ വളരെ വിജയകരമാണ്, ഇത് നമ്മുടെ സംസ്ഥാനമായ കേരളത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയിൽ വളരെയധികം സഹായിക്കും. പൗരന്മാരെ സഹായിക്കാൻ കഴിയുന്ന മറ്റൊരു മേഖല സ്വയം പര്യാപ്തമായ പച്ചക്കറി ഗാർഹിക ആവശ്യങ്ങളിലാണ്. വിവിധ സാമൂഹിക വിഭാഗങ്ങളുടെ മതിയായ പങ്കാളിത്തത്തോടെ മേൽക്കൂര കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയും.



ആധുനിക ജീവിതത്തിൽ മഴവെള്ള സംഭരണത്തിനും, സൌരോർജ്ജ പദ്ധതികൾക്കും സർക്കാർ കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ഓരോ പൌരനും മാർഗ നിർദേശം നൽകുകയും സബ്സിഡികൾ നൽകി സാമ്പത്തികമായി പിന്തുണയ്ക്കുകയും വേണം

മാലിന്യ സംസ്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു മേഖല. ഏറ്റവും പുതിയ സാങ്കേതിക പദ്ധതികൾ നടപ്പാക്കുന്നതിന് ഡബ്ല്യുഎംഎഫ് പോലുള്ള സാമൂഹിക സംഘടനകൾക്ക് സർക്കാർ ഏജൻസികളുമായി കൈകോർക്കാം.പരിസ്ഥിതി സൌഹൃദ പുതിയ വ്യവസായങ്ങൾ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് നഷ്ടപ്പെട്ട പ്രകൃതിവിഭവങ്ങൾ തിരികെ കൊണ്ടുവരുന്നതിനും പുതിയ രീതികൾ നടപ്പാക്കുന്നതിനും സർക്കാരിന് ഉയർന്ന വരുമാനം സൃഷ്ടിക്കുന്നതിന് മതിയായ വരുമാനം സൃഷ്ടിക്കുന്നതിനും ആവശ്യമാണ്. ശരിയായ റോഡുകളും ഡ്രെയിനേജ് സംവിധാനവും വളരെ ആവശ്യമാണ്. റോഡുകളുടെയും മലയോര പ്രദേശങ്ങളുടെയും മോശം അറ്റകുറ്റപ്പണികൾ കാരണം നിരവധി വിലയേറിയ ജീവൻ റോഡുകളിൽ നഷ്ടപ്പെടുകയും സ്വത്തുക്കൾ പൊടിയായി മാറുകയും ചെയ്യുന്നു. റോഡുകളുടെയും വാഹനങ്ങളുടെയും അശ്രദ്ധ മൂലമുണ്ടാകുന്ന നഷ്ടം നാം കണക്കാക്കേണ്ടതുണ്ട്.

മനുഷ്യർക്കോ യന്ത്രങ്ങൾക്കോ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ അത് പരിസ്ഥിതി വ്യവസ്ഥയെയും ബാധിക്കുമെന്ന് എനിക്ക് തോന്നുന്നു. മിക്ക കേസുകളിലും ഏത് ദുരന്തത്തിനും ശേഷം ഞങ്ങൾ വലിയ പണം ചെലവഴിക്കുകയും പ്രശ്നങ്ങൾ മുൻകൂട്ടി കാണുകയും യുദ്ധം നഷ്ടപ്പെടുകയും ചെയ്യുന്നു. കേരളത്തിലെ സംവിധാനത്തെക്കുറിച്ച് പഠിക്കുകയാണെങ്കിൽ പൊതുഗതാഗതം, വൈദ്യുതി, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിൽ നിരവധി കാര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. വിജയികളായ രാജ്യങ്ങളുടെ മാതൃക നാം പഠിക്കേണ്ടതുണ്ട്.വരും തലമുറയ്ക്കായി നമ്മുക്ക് വളരെ കരുതലോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കാം. സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ കേരളത്തിലെ ജനങ്ങളെ സഹായിക്കാം. VK



# അസ്തമിക്കാത്ത സൂര്യൻ



**ഉഷാ ഗോപാൽ**
ബഹറിൻ

എല്ലാ മക്കൾക്കും തൊട്ടടുത്തുള്ള ദൈവം അവരവരുടെ അമ്മ തന്നെയാണ്. പ്രായോഗിക ജീവിതത്തിൽ ഡോക്ടറേറ്റ് നേടിയ എന്റെ അമ്മക്ക് സൈദ്ധാന്തിക ബിരുദമൊന്നും ഉണ്ടായിരുന്നില്ല എന്നത് അമ്മയുമായിബന്ധപ്പെട്ട ഒരു വലിയ വിഭാഗം ആളുകൾക്കും അറിയില്ലായിരിക്കാം. അതുകൊണ്ടുതന്നെയാണ് അമ്മ എന്ന വ്യക്തിയുടെ അതി വിശാലമായ സ്വീകാര്യത എന്നുമെന്നിൽ കൗതുകമുണ്ടാക്കുകയും ആ കൗതുകം വളർന്ന്, പത്തു പന്ത്രണ്ടു വർഷങ്ങൾക്കു മുമ്പ് ആദ്യകവിതയായി പിറവിയെടുത്തതും. ഒടുവിൽ സകല ദൗത്യവും തീർത്ത് മണ്ണിലേക്ക് വീഴുന്നനേരം വരെ ഞങ്ങളുടെയെല്ലാം താങ്ങും തണലുമായി നിലകൊള്ളുകയായിരുന്നു, വടവൃക്ഷമായ ആ ‘തായ്മരം‘

കുറച്ചു വർഷങ്ങൾക്കു മുൻപ് ഒരു മാതൃദിനത്തോടനുബന്ധിച്ച് WMF ന്റെ സാഹിത്യ വിഭാഗം നടത്തിയ ഉപന്യാസമത്സരത്തിൽ, വെറുമൊരു സന്തോഷത്തിനായി പങ്കെടുത്തപ്പോൾ എന്റെ മനസ്സിൽ നിറഞ്ഞിരുന്ന അമ്മ ആശയം ആദ്യാക്ഷരങ്ങളായി ഊറിവരികയായിരുന്നു. വീഴ്ചകളെ പാഠമാക്കിയും, ദുഃഖത്തെ ശക്തിയാക്കിയും അസാധ്യങ്ങളെ പരീക്ഷിച്ചുനോക്കിയും പല പല വിഷയങ്ങളടങ്ങിയ ആ വലിയ പുസ്തകത്തെക്കുറിച്ചെഴുതിയപ്പോൾ ഞാനൊരു ചെറിയ എഴുത്തുകാരിയാകുകയായിരുന്നു. മക്കളുടേയും ചെറുമക്കളുടേയും സുഹൃത്തുക്കൾക്ക് ഒരു കൂട്ടുകാരി ആയിരുന്ന അമ്മ എത്രയോ അപരിചിതർക്ക് പല അവസരങ്ങളിലും ഉദ്ധരണിവാക്യമായിരിന്നു!

ശരീരത്തിന്റെ ക്ഷീണത്തെ മനസ്സിന്റെ ബലം കൊണ്ട്




എങ്ങിനെ മറികടക്കാമെന്ന് കാണിച്ചു തന്ന, കഴിഞ്ഞ നീണ്ട മൂന്നര വർഷത്തെ ഡയാലിസിസ് ചികിത്സ, അമ്മയെ ആ യൂണിറ്റിലെ പ്രവർത്തകരുടെയും മറ്റു രോഗികളുടെയും ഇടയിലൊരു സന്തോഷ സ്പെഷ്യലിസ്റ്റ് ആക്കി മാറ്റിയിരുന്നു. കൈമരുന്നുകളുടെയും രചിക്കൂട്ടിന്റെ യും കലവറയായ അമ്മയുടെ ഉപദേശം എടുക്കാത്ത ഒരു സ്റ്റാഫുമവിടെ ഉണ്ടായിരുന്നില്ല. ഒടുവിലത്തെ പത്തു പന്ത്രണ്ടു ദിവസങ്ങളിലെ ശരീരത്തിന്റെ അവസ്ഥ, ഇനിമേൽ ചികിത്സകൾ താങ്ങാനാവില്ലന്ന് അമ്മ ഉറപ്പിച്ചിരുന്നു. അവിശ്രാന്തം ചലിച്ച വലംകൈ തളർന്നപ്പോൾ, താനാശിച്ചിരുന്ന പോലെ അന്ത്യം സ്വന്തം വീട്ടിൽ മക്കളുടെ സാന്നിധ്യത്തിലാക്കിത്തീർക്കുകയായിരുന്നു.

ഇനിയാരോട് എന്ന ചോദ്യത്തിന് ഉത്തരമായി ഒരു മുഴം മുന്നേ തന്നെ എഴുതി ശീലിച്ചുവന്ന ഡയറിക്കുറിപ്പുകൾ, ഞങ്ങളുടെ തലമുറക്കുള്ള മാർഗ്ഗനിർദ്ദേശമായിരുന്നു എന്നു വേണം കരുതാൻ. ഇനി മുതൽ എന്നിലെ മകളെന്ന ഭാഗം ഇല്ലാത്ത അവസ്ഥയിൽ, ബാക്കി വച്ചുപോയ മാതൃചൈതന്യത്തിന്. കോടി പ്രണാമം?. VK



മീട്ടു റഹ്മത്ത് കലാം
സൗദി അറേബ്യ

# പ്രകൃതി ദുരന്തങ്ങൾ
## തുടർക്കഥയാകുമ്പോൾ...



മഴ എന്നത് ഗൃഹാതുരതയായി കൊണ്ടുനടന്ന മലയാളികൾ നെഞ്ചിടിപ്പോടെ മഴയെ കാണാൻ തുടങ്ങിയിട്ട് ഏഴെട്ടുകൊല്ലമായി. മിക്കവാറും മഴക്കാലങ്ങൾ മഹാദുരന്തങ്ങൾക്ക് വഴിവയ്ക്കുന്നു. 2018 ലെ പ്രളയത്തിൽ കേരളത്തിൽ 483 പേരുടെ ജീവൻ പൊലിഞ്ഞപ്പോൾ അഭൂതപൂർവമായ നടുക്കമാണ് ഉണ്ടായത്. ഇപ്പോൾ വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും അട്ടമലയിലും നൂൽപുഴയിലും ഉണ്ടായ മണ്ണിടിച്ചിൽ അതിനേക്കാൾ ഭീതിതമായ അന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഭൗമശാസ്ത്രവകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ 7 വർഷങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ മണ്ണിടിച്ചിലും അനുബന്ധ നാശനഷ്ടങ്ങളും സംഭവിച്ചത് കേരളത്തിലാണ്.ചെറുതും വലുതുമായി 2239 മണ്ണിടിച്ചിലുകൾ!

ഇന്ത്യ പോലൊരു രാജ്യത്ത് ഇത്തരം ദുരന്തങ്ങളെക്കുറിച്ച് സൂചനകൾ ലഭിക്കുമായിരുന്നില്ലേ എന്നും ഇതൊക്കെയും ഒഴിവാക്കാമായിരുന്നില്ലേ എന്നതുമാണ് ഇവിടെ ഉയരുന്ന പ്രസക്തമായ ചോദ്യങ്ങൾ.2010 ൽ മൻമോഹൻ സിങ് പ്രധാനമന്ത്രി ആയിരിക്കെ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പഠിക്കാനായി 14 അംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. മാധവ് ഗാഡ്ഗിൽ എന്ന ഭൗമശാസ്ത്രജ്ഞനായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ. തമിഴ്നാട്, കേരളം, കർണാടകം, ഗോവ, മഹാരാഷ്ട്ര,ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ നീണ്ടുകിടക്കുന്ന പശ്ചിമഘട്ടം എന്ന ആവാസവ്യവസ്ഥയിൽ 25 കോടിയോളം ജനങ്ങളാണുള്ളത്.

ദക്ഷിണേന്ത്യയുടെ ജലസ്രോതസ്സും ജൈവവൈവിധ്യ കലവറയുമായ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും ക്വാറികളും ഖനനവും നിയന്ത്രിക്കണം എന്നുമായിരുന്നു പഠനത്തിനുശേഷം മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് ശുപാർശ ചെയ്തത്. നമ്മുടെ മണ്ണും ജലസ്രോതസ്സുകളും വികസനത്തിന്റെ പേരിൽ ചൂഷണം ചെയ്ത് പരിസ്ഥിതിയുടെ സന്തുലനം തകർത്തതാണ് മുൻപ് കണ്ടിട്ടില്ലാത്ത തരം ദുരന്തങ്ങൾ കേരളത്തിൽ ഉണ്ടാകാൻ കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയും ചെയ്തു.ബ്രിട്ടീഷുകാർ വയനാടൻ മേഖലയെ തേയില തോട്ടങ്ങളാക്കിയതുമുതൽ ഇന്ന് വിനോദസഞ്ചാരികളെ ആകർഷിക്കാൻ അവിടെ നി



ർമ്മിച്ചിരിക്കുന്ന റിസോർട്ടുകളും കെട്ടിടങ്ങളുമെല്ലാം പരിസ്ഥിതിയെ ബാധിച്ചു.റോഡുകളുടെയും കലിംഗുകളുടെയും അശാസ്ത്രീയ നിർമ്മാണം പലയിടത്തും നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുത്തി.

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കുന്നത് മലയോര കർഷകരെ ദോഷകരമായി ബാധിക്കുമെന്ന വ്യാജപ്രചാരണത്തിലൂടെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ മണൽ മാഫിയകൾക്കും റിസോർട്ട് ഉടമകൾക്കും ഒത്താശ ചെയ്തുകൊടുത്തപ്പോൾ നാടിന് ഇങ്ങനൊരു ദുർവിധി വരുമെന്ന് അറിഞ്ഞിരിക്കില്ല. അനിയന്ത്രിതമായ ഭൂമികൈയേറ്റവും വനനശീകരണവും അശാസ്ത്രീയ നിർമാണപ്രവർത്തനങ്ങളുമാണ് പ്രളയദുരന്തങ്ങളിലേക്ക് കേരളത്തെ തള്ളിയിട്ടതെന്ന് 2018 സെപ്റ്റംബറിൽ പുണെയിലെ അന്താരാഷ്ട്ര സെന്ററിൽ നടന്ന ചർച്ചയിൽ ഗാഡ്ഗിൽ ചൂണ്ടിക്കാട്ടിയിരുന്നു. കേരളത്തിൽ 14.56 ശതമാനമാണ് പരിസ്ഥിതി ദുർബല പ്രദേശങ്ങൾ. ഇടുക്കി, പാലക്കാട്, മലപ്പുറം, പത്തനംതിട്ട, വയനാട് ജില്ലകളിലാണ് ഉരുൾപൊട്ടൽ സാധ്യത ഏറെ. ഇടുക്കിവയനാട് ജില്ലകളിലെ വനഭൂമിയിൽ കൃഷി പാടില്ലെന്നാണ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്. പശ്ചിമഘട്ടം സംരക്ഷിച്ചില്ലെങ്കിൽ പല ദുരന്തങ്ങളും കാണേണ്ടി വരുമെന്ന് താൻ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നുവെന്നും എന്നാൽ ആ റിപ്പോർട്ട് എല്ലാവരും ചേർന്ന് അട്ടിമറിക്കുകയായിരുന്നുവെന്നും അദ്ദേഹം എക്കാലത്തും തുറന്നുപറയാൻ ധൈര്യം കാണിച്ചിട്ടും ആരുമത് ചെവിക്കൊണ്ടില്ല.

സംസ്ഥാന സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സിൽവർ ലൈൻ പ്രൊജക്റ്റിനെതിരേയും മാധവ് ഗാഡ്ഗിൽ വിമർശനമുയർത്തി. ഇത്തരം മെഗാപ്രൊജക്റ്റുകൾ കേരളത്തിന് ആവശ്യമുണ്ടോയെന്നും കുറച്ച് യാത്രാസമയം ലാഭിക്കാൻ പ്രകൃതിയെ നശിപ്പിക്കണോയെന്നും മാധവ് ഗാഡ്ഗിൽ ചോദിച്ചു. കേന്ദ്ര സർക്കാരും കേരള സർക്കാരും പരസ്പരം പഴിചാരുന്നതാണ് നമ്മൾ കാണുന്നത്. നിലവിലെ ദുരന്തമുഖത്തുനിന്നെങ്കിലും പാഠം ഉൾക്കൊണ്ട് ഈ ദുരിത താണ്ഡവം ആവർത്തിക്കപ്പെടാതിരിക്കാനുള്ള പോംവഴി ഒത്തുചേർന്ന് ആലോചിക്കുകയാണ് വേണ്ടത്.

> ഇന്ത്യ പോലൊരു രാജ്യത്ത് ഇത്തരം ദുരന്തങ്ങളെക്കുറിച്ച് സൂചനകൾ ലഭിക്കുമായിരുന്നില്ലേ എന്നും ഇതൊക്കെയും ഒഴിവാക്കാമായിരുന്നില്ലേ എന്നതുമാണ് ഇവിടെ ഉയരുന്ന പ്രസക്തമായ ചോദ്യങ്ങൾ.2010 ൽ മൻമോഹൻ സിങ് പ്രധാനമന്ത്രി ആയിരിക്കെ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പഠിക്കാനായി 14 അംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. മാധവ് ഗാഡ്ഗിൽ എന്ന ഭൗമശാസ്ത്രജ്ഞനായിരുന്നു കമ്മിറ്റിയുടെ അധ്യക്ഷൻ

കാലാവസ്ഥാ വ്യതിയാനവുമായി തട്ടിച്ചുനോക്കുമ്പോൾ കോവിഡ് മഹാമാരിക്ക് പരിഹാരം കാണുക എന്നത് എളുപ്പമുള്ള കാര്യമാണെന്ന് മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സ് പറഞ്ഞത് സത്യമാണെന്ന് തോന്നിപ്പിക്കുന്ന അനുഭവങ്ങളാണ് ലോകത്തിന്റെ വിവിധ ഇടങ്ങളിൽ കണ്ടുവരുന്നത്. How to avoid climate disaster എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങളെയും തന്മൂലമുള്ള അപകടങ്ങളെയും കുറച്ചുകാണരുതെന്ന മുന്നറിയിപ്പുമുണ്ട്. മനുഷ്യരാശി നേരിടാൻ പോകുന്ന വെല്ലുവിളികളിൽ ഏറ്റവും വലുതാണ് കാലാവസ്ഥാ വ്യതിയാനം എന്ന വസ്തുത അംഗീകരിക്കാതെ തരമില്ല. പ്രകൃതിയുടെ സന്തുലനത്തെ ഹനിക്കുന്ന ചെയ്തികളാണ് ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന ദുരന്തങ്ങളുടെ കാരണം. അതുകൊണ്ടുതന്നെ, പ്രകൃതിയുമായി ഇണങ്ങിയും മണ്ണിനെ തൊട്ടറിഞ്ഞും നന്മയും സമാധാനവും നിറഞ്ഞ ഭയാശങ്കകളില്ലാത്ത ലോകം വരുംതലമുറയ്ക്ക് മുന്നിൽ തുറന്നുകൊടുക്കാൻ ഏവരും പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കണം. VK









ചിത്രാ ഷൈൻ

# ഓണവളകളും ഞാനും...

ഓണക്കാലമല്ലേ, ഇന്നൊരു ചെറിയ കഥ പറയാം. ഞാൻ അഞ്ചിലോ ആറിലോ പഠിക്കുന്ന സമയം. ഓണക്കാലമാണ്, ഞങ്ങളുടെ വീട്ടിൽ മതിലിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. അന്ന് ഉത്രാടമായിരുന്നു, എങ്കിലും ജോലിക്ക് പണിക്കാരുണ്ടായിരുന്നു. എല്ലാവരും പണി പൂർത്തിയാക്കി വീട്ടിൽ പോകാനുള്ള  തിരക്കിലാണ്. വീടിനു ചുറ്റും കല്ലും കട്ടയും മണലും ആകെക്കൂടി ഒരു വല്ലാത്ത അവസ്ഥയാണ്. പിറ്റേന്ന് തിരുവോണമല്ലേ, എല്ലാവരും അതിന്റെ തിരക്കിലുമാണ്. ഉത്രാടപ്പാച്ചിൽ എന്നു കേട്ടിട്ടില്ലേ, അതു തന്നെ. ഓണമായതുകൊണ്ട് അമ്മ എനിക്ക് സ്വർണവളയും മാലയുമൊക്കെ അണിയിച്ചു തന്നിട്ടുണ്ട്. വൈകിട്ട് ഒരു നാലുമണിയായിക്കാണും, എന്റെ വലതു കയ്യിലെ രണ്ടു വളകൾ കാണാനില്ല. എവിടെപ്പോയി എന്ന് എനിക്ക് ഒരു പിടിയും കിട്ടുന്നുമില്ല. ആർക്കെങ്കിലും ഊരിക്കൊടുത്തോ എന്നൊക്കെ എന്നോട് എല്ലാവരും ചോദിക്കുന്നുണ്ട്. എല്ലായിടവും തിരഞ്ഞു. മണലിലും പാറകൾക്കിടയിലും എന്നുവേണ്ട ഞാൻ പോയ സ്ഥലങ്ങളിലെല്ലാം ഇപ്പോഴത്തെ ഭാഷയിൽ പറഞ്ഞാൽ എന്റെ ഒരു റൂട്ട്മാപ്പ് തന്നെ തയ്യാറാക്കി. ഒരു രക്ഷയുമില്ല, വളകളുടെ പൊടി പോലും കിട്ടിയില്ല. എല്ലാവരും ആകെ വിഷമത്തിലായി. ഓണം ഈ വളകൾ കാരണം കുളമായിപ്പോകുമോ എന്നായിരുന്നു എന്റെ ചിന്തമുഴുവനും.

രാത്രിയായി.

വളകൾ അപ്പോഴും കിട്ടിയിട്ടില്ല. നേരം പുലർന്നു, തിരുവോണമാണ്, ആർക്കും ഓണത്തിന്റെ വലിയ സന്തോഷമൊന്നും കാണുന്നില്ല. അമ്മ ചായയും പലഹാരവുമൊക്കെ തയ്യാറാക്കുന്ന തിരക്കിലാണ്. പുട്ടും പഴവുമാണ് പ്രാതലിനു വിഭവങ്ങൾ. കടലക്കറിയും പപ്പടവും പഴവും ഒക്കെയായി അടിപൊളിയായി





കഴിക്കാനുള്ളതാണ്, എന്തുചെയ്യാം എല്ലാം ആ വളകൾ കാരണം പോയിക്കിട്ടി. ഞാൻ പുട്ടിനുള്ള തേങ്ങ ചുരണ്ടിക്കൊടുത്തു. അമ്മ പുട്ടുണ്ടാക്കാൻ തുടങ്ങി. കുറച്ചു സമയം കഴിഞ്ഞു, ആവി കയറിയ ആദ്യത്തെ ഒരു കുറ്റി പുട്ട് പാത്രത്തിലേയ്ക്ക് കുത്തി വച്ചതും അമ്മയുടെ മോളേ എന്നുള്ള വിളിയും ഒന്നിച്ചായിരുന്നു.ഞാൻ ഓടിച്ചെന്നു, അവിടെ ഞാൻ കണ്ടതോ രണ്ടു സ്വർണവളകളാൽ അലംകൃതമായ ആവിപറക്കുന്ന പുട്ടും!

അപ്പോഴേയ്ക്കും വളയുടെ റൂട്ട് ഏകദേശം മനസ്സിലായി. തലേദിവസം പുട്ടുകുറ്റി കഴുകിയത് ഞാനായിരുന്നു. കൈ ഉള്ളിലേയ്ക്കിട്ടു കഴുകിയപ്പോൾ വളകൾ പുട്ടുകുറ്റിയുടെ ഉള്ളിൽ പെട്ടുപോയതാണ്. അമ്മയ്ക്ക് വയ്യാത്തതല്ലേ, (അമ്മയ്ക്ക് ആസ്തമയുടെ ബുദ്ധിമുട്ട് ഉണ്ടായിരുന്നു)ഞാൻ ചെറുതിലേ തന്നെ അമ്മയ്ക്ക് എന്നെക്കൊണ്ടാവുന്ന ജോലികളൊക്കെ ചെയ്തു സഹായിക്കുമായിരുന്നു. സ്വന്തമായി പൊക്കി പറയുന്നു, ഞാനൊരു S.P.(സ്വയം പൊക്കി )ആണെന്നൊന്നും ആരും പറഞ്ഞേക്കല്ലേ, പ്ലീസ്! എന്തായാലും നഷ്ടപ്പെട്ടു പോയി എന്നുകരുതിയ വളകൾ തിരിച്ചുകിട്ടിയല്ലോ, എല്ലാവർക്കും സന്തോഷമായി. അങ്ങനെ അത്തവണയും ഓണം ഗംഭീരമായി. VK



# പുകമറ



**അമൽ എം**
ജപ്പാൻ

WMF നടത്തിയ ചെറുകഥാമത്സരത്തിൽ 1-ാം സ്ഥാനം കിട്ടിയ കഥ

'ചിത്രകാരനായ നീ എന്തിനാണ് ചങ്ങാതിയായ കവിയെ പാറക്കെട്ടിൽ നിന്ന് തള്ളിയിട്ടു കൊന്നത്?'

'പറയാം, പറയാം. ഞങ്ങൾ വിജനമായ ആകാശം നോക്കി പാറക്കെട്ടിൽക്കിടന്ന് പുകവലിക്കുകയായിരുന്നു'

'പുക തന്നെയാണോ, അതോ?'

'പറയട്ടെ സാർ'

'പറയൂ ചിത്രകാരാ പറയൂ'

'ഞാൻ പുകകൊണ്ട് വായുവിൽ വൃത്തങ്ങൾ ഉണ്ടാക്കി. അവനും വൃത്തങ്ങൾ ഉണ്ടാക്കി'

'എന്നിട്ട്?'

'ഞാൻ ചതുരങ്ങൾ മെനഞ്ഞു. അവനും മെനഞ്ഞു പുക കൊണ്ട് ചതുരങ്ങൾ'

'ഉം..'

'ഞാൻ പുക കൊണ്ട് ത്രികോണം വരച്ചു. അവനും വരച്ചു ഉഗ്രൻ ത്രികോണം'

'ആ..'

'ഞാൻ പുകകൊണ്ട് താജ്മഹൽ കെട്ടിപ്പൊക്കി. അവനും കെട്ടിപ്പൊക്കി മനോഹരമായ താജ്മഹൽ'

'പിന്നെ?'

'ഞാൻ വാശിയോടെ പുകയുടെ കുത്തബ്മിനാർ... അവനും ഗംഭീരനൊരു കുത്തബ്മിനാർ പടുത്തുയർത്തി.. അപ്പോഴാണ്, അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. എന്റെ സമനില തെറ്റി. ചങ്ക് കലങ്ങിപ്പോയി. ദേഷ്യം കൊണ്ടു വിറച്ച ഞാൻ അവനെ പാറക്കെട്ടിൽ നിന്നും താഴേക്ക് ചവിട്ടിത്തള്ളി'

'എന്താണ് നീ ശ്രദ്ധിച്ചത്?'

'സാർ, അവന്റെ സിഗരറ്റ് എപ്പോഴേ എപ്പോഴേ കെട്ടുപോയിരുന്നു....' VK



# ഓണം

തേക്കിലക്കുമ്പിളിൽ നുള്ളിയ തുമ്പയും
പൂച്ചെടി മുക്കുറ്റി കണ്ണാന്തളിപ്പൂ
ഈശ്വരമുല്ലയും പിച്ചിയും ചന്തത്തിൽ
ചെഞ്ചുവപ്പാർന്നൊരു ചെമ്പരത്തിപ്പൂവും
ഇടവഴി നീളെ വിരിയുന്ന കോളാമ്പി
ചേലിൽ ചിരിക്കുന്ന ചെണ്ടുമല്ലിപ്പൂവും
അഴകേറും ചേമന്തി ചെത്തികളൊക്കെയും
കനകവും തോൽക്കുന്ന കാശിത്തുമ്പപ്പൂവും
കൃഷ്ണകിരീടവും തോട്ടവാഴപ്പൂവും
വാടാത്ത സുന്ദരി വാടാർമല്ലിപ്പൂവും
പൂച്ചവാൽ ശംഖുപുഷ്പങ്ങളങ്ങനെ
വേലിമേൽ പടരുന്ന വല്ലിതൻ ഇലകളും
കണ്ടത്തിൽ പൊന്തുന്ന കളയുടെ കതിരതും
ചന്തത്തിൽ ചാണകം മെഴുകിയ മുറ്റത്തിൽ
സുന്ദരമായൊത്തു കൂടുന്നതോണം

അച്ഛൻ ഉഴുതുമറിച്ചൊരു പാടത്ത്
മുത്തച്ഛൻ വിത്ത് വിതച്ചൊരു പാടത്ത്
നൂറ്റിക്ക് നൂറ്റൊന്ന് പൊന്നുവിളഞ്ഞത്
അമ്മയെന്നമ്മായി കൊച്ചുകല്യാണിയും
കൊയ്തുമെതിച്ചെന്റെ അച്ഛമ്മ കുത്തി
മുറത്തിലു ചേറിയടുപ്പത്ത് വേവിച്ച
പുത്തരിച്ചോറിന്റെ മധുരമാണോണം

കുന്നിൻമുകളിൽ കുടപ്പനച്ചോട്ടിൽ
കുട്ടേട്ടൻ കണ്ണേട്ടൻ കുഞ്ഞുണ്ണി മാത്തനും
ചക്കനും ചങ്കരൻ കിട്ടുണ്ണി ശംഭുവും
പന്താടി നേരം മറന്നു കളിച്ചൊരാ
നേരത്ത് പെയ്തൊരു മഴയൊട്ടു കൂസാതെ
വട്ടക്കുടച്ചോട്ടിൽ മുട്ടി നനഞ്ഞൊട്ടി
ഒത്തൊരുമിച്ച് കഴിഞ്ഞതാണോണം

പാറുമളകമാർന്നോരോരോ പായാരം

ചൊല്ലികഴിഞ്ഞൊട്ടു നേരം കളയാതെ
വട്ടത്തിൽ കൂടിയോരംഗനമാരെല്ലാം
ചന്തത്തിൽ കൈകൊട്ടി പാടിക്കളിച്ചതും
മാവേലിമന്നനെ വാഴ്ത്തി സ്തുതിച്ചതും
തുമ്പിതുള്ളിക്കളിയാടി രസിച്ചതും
ഇമ്പമേറുന്നൊരു കാഴ്ചയോണം

പാണന്റെ പാട്ടിന്റെയീണമോണം
പുത്തനുടുപ്പിന്റെ ഗന്ധമോണം
പുന്നെല്ലിൻ കതിരിന്റെ നിറവിതോണം
കണ്ണീരുമായുന്ന കാലമോണം
എല്ലാരുമൊന്നായി നന്നായി കഴിയുന്ന
മാവേലിനാടിന്റെ നന്മയോണം



**പരമേശ്വരൻ തെക്കത്തൊടി**
ജിബൂട്ടി

# ഉരുൾപ്പാടുകൾ

മഴയിനിയും തിമിർത്തു പെയ്യും
ഇരുളിന്റെ മറവിൽ
ഉരുളുകൾ ഇനിയും
ഇടിത്തീ പോലെ പതിക്കും

അണകെട്ടിനിർത്തിയ തെളിനീരൊക്കെയും

പ്രളയക്കടലായ് കലിതുള്ളും

അന്നു ഞാനും നീയും
നമുക്കു പ്രിയപ്പെട്ടവരും
നമ്മുടെ മണ്ണും പുരയും
ഒലിച്ചൊലിച്ച് പോകും
ചേന്നപ്പറയന്റെ പട്ടിയെപ്പോലെ
ശേഷിച്ച ഹതഭാഗ്യർ
വാവിട്ട് നിലവിളിക്കും
ഗാഡ്ഗിലും കസ്തൂരിരംഗനും
വീണ്ടും വീണ്ടും സ്മരിക്കപ്പെടും
അന്ന് രക്ഷാപ്രവർത്തകരുണ്ടാവില്ല
സൈന്യത്തെ വിളിക്കാനാളുണ്ടാവില്ല
ഹാഷ്ടാഗ് മുദ്രാവാക്യങ്ങളെങ്ങും കാണില്ല
ദുരിതാശ്വസവും നിധിയുമൊന്നുമുണ്ടാവില്ല
ദുരിതം മാത്രം ബാക്കിയാവും

ചാനലുകൾ മൗനസംപ്രേക്ഷണത്തിലാവും
പുലഭ്യം പറയുന്ന നേതാക്കളും
മണ്ണായിട്ടുണ്ടാകും

അങ്ങകലെ ഒരു ഗദ്ഗദം കേൾക്കും
'ഇത് കേരളമായിരുന്നു '




**പരമേശ്വരൻ തെക്കത്തൊടി**
ജിബൂട്ടി



# വാശി

WMF നടത്തിയ ചെറുകഥാമത്സരത്തിൽ 2–ാം സ്ഥാനം കിട്ടിയ കഥ



**ഡോ.ഷിബു തോമസ്**
ഖത്തർ

'പപ്പയെ നോക്കിയിരുന്നു പിള്ളേരു മടുത്തു... ഇപ്പോൾ ഉറങ്ങി കാണും... ഈ കേസും കുണ്ടാമണ്ടിയിയും ഒക്കെ മതിയാക്കരുതോ?'

'നിനക്കെന്തറിയാമെടി? അപ്പച്ചന്റെ കൂടെ നടന്നു മല നിറയെ കുരുമുളക് നട്ടപ്പോളും, വളം ഇട്ടപ്പോളും തിരിഞ്ഞു നോക്കാത്തവനെ ഞാൻ എല്ലാമങ്ങ് ഏൽപ്പിക്കണോ?

'അതല്ല ചേട്ടായി... അപ്പനെഴുതി കൊടുത്തത് അവനു കൊടുക്കരുതോ?

സണ്ണി കുട്ടി അല്ലേ അച്ചായന്റെ കാലൊടിഞ്ഞു കിടന്നപ്പോൾ ചിലവല്ലാം നോക്കിയത്..?'

'ഓ ഹോ... അതാണോ ഇപ്പൊ വല്യ കാര്യം... അവൻ കോളേജിൽ പഠിക്കുമ്പോൾ ചിലവ് ഞങ്ങളാ നടത്തിയേ... അപ്പൻ മരിച്ചു കഴിഞ്ഞപ്പോ ഞാൻ... ഇല്ലെടി ഒരിഞ്ചു ഭൂമി ഞാനൊരുത്തനും കൊടുക്കില്ല... '

' മതി.... വാ.... കഴിച്ചിട്ട് കിടക്ക് '

' ഈ നശിച്ച മഴ... ചേട്ടായി...

മഴ കൂടുവാണല്ലോ... നമ്മൾ ഇനി എന്ത് ചെയ്യും'

'നീ കിടന്നുറങ്ങടി... ഇതൊക്ക എന്റെ പറമ്പാണ്... ഇതൊന്നും ഒരുത്തനും വിട്ടു കൊടുക്കില്ലടി.... മഴ പെയ്തു ഒന്നു നനയട്ടെ എന്റെ പറമ്പ്...'

'NEWS 23/7'

' മലയോര മേഖലയിൽ ഉരുൾ പൊട്ടൽ

... വീടുകളും കൃഷി സ്ഥലങ്ങളും ഒലിച്ചു പോയി...

മൃതദേഹങ്ങൾക്കായി തിരച്ചിൽ തുടരുന്നു... '



# ലോക ചരിത്രത്തിൽ ഇടം നേടിയ വെനീസ് കാർണിവൽ





**അജിത്ത് മോഹനൻ**
ഇറ്റലി

കഥകളും ചരിത്രങ്ങളും ആഴക്കടലോളം ആണ്ടു കിടക്കുന്ന മഹാദേശങ്ങളിൽ ഒന്നാണ് ഇറ്റലി. കണ്ണിനെയും മനസ്സിനെയും ഒരുപോലെ കുളിരണിയിപ്പിക്കുന്ന അത്ഭുത കാഴ്ചകൾ മാത്രമല്ല നമുക്കിവിടെ കാണാൻ കഴിയുന്നത്. മനസ്സിനെ വല്ലാണ്ട് വെറുപ്പണിയിക്കുന്ന മറ്റു പല കഥകളും കാഴ്ചകളും നമുക്ക് ഇവിടെ തൊട്ടറിയാൻ കഴിയും. ഒപ്പം ഒരു രാജ്യത്തും അനുകരിക്കാൻ കഴിയാത്ത പലതരത്തിലുള്ള പബ്ലിക് ഫെസ്റ്റിവലുകളും ആഘോഷങ്ങളും,ഇറ്റലിയിൽ ഇപ്പോഴും നടത്തിവരാറുണ്ട്. അതിൽ എടുത്തു പറയേണ്ട ഒന്നാണ് ഇറ്റലിയിലെ വെനീസ് കാർണിവൽ. അതെ മലയാളികളുടെ കൂടി ആഘോഷമായി മാറിയ ലോകശ്രദ്ധ ആകർഷിച്ച മുഖംമൂടികൾ കഥ പറയുന്ന ചരിത്രപ്രസിദ്ധമായ വെനീസ് കാർണിവൽ.

ഔദ്യോഗിക രേഖകളിൽ എഴുതിച്ചേർത്ത കണക്കുകൾ പ്രകാരം1296 ഈ കാലഘട്ടത്തിന്റെ തുടക്കമാണ് പരമസ്വാതന്ത്ര്യത്തിന്റെ കടിഞ്ഞാൺ അഴിച്ചുവിട്ട



ഈ കാർണിവലിന്റെ ഏറ്റവും മനോഹരമായ കാഴ്ച സമ്മാനിക്കുന്നത് വ്യത്യസ്തമായ വസ്ത്രങ്ങൾ അണിഞ്ഞ് കാർണിവെലിന്റെ ചടുല താളങ്ങൾക്കൊപ്പം നടന്നു നീങ്ങുന്ന പ്രച്ഛന്ന വേഷക്കാരെയാണ്

ഈ കാർണിവെലീന്റെ തുടക്കം. ചിലപ്പോൾ നമ്മൾ കേട്ട  കഥകളിൽ വർണ്ണ ശബളമായ ഒരു ഉത്സവ പ്രതിബിംബത്തിന്റെ മായക്കാഴ്ചകൾ മാത്രമായിരിക്കും ഈ കാർണിവെൽ. കാർണിവെലിന്റെ ഭാഗമായി മുഖംമൂടികളും വേഷവിധാനങ്ങളും ധരിക്കുന്ന പൗരന്മാർക്ക് അവരുടെ ഐഡന്റിറ്റി പൂർണ്ണമായും മറച്ചു വെച്ച്  തന്റെ ആഗ്രഹ സഫലീകരണത്തിന് ഇഷ്ടപ്പെട്ട സ്ത്രീകളെ സ്വന്തമാക്കാൻ ചില വിരുതന്മാർ വർഷങ്ങൾ ഈ കാർണിവലിനായി കാത്തിരിക്കാറുണ്ട്.

കഴിഞ്ഞുപോയ കാലഘട്ടത്തിന്റെ ചാരം നിറഞ്ഞ ചൂടുള്ള കഥയാണ് മുകളിൽ സൂചിപ്പിച്ചത്. കാലഹരണപ്പെട്ട കഥകളെ നമുക്കു മാറ്റി നിർത്തി ആഘോഷങ്ങളുടെ നിറപ്പകിട്ടാർന്ന രാവിലെക്ക് നമുക്ക് ഒരുമിച്ച് കണ്ണു തുറക്കാം, വരുന്ന നോമ്പുതുറയ്ക്ക് മുമ്പ് ആത്മീയ തലങ്ങളിലേക്ക് നമ്മുടെ മനസ്സിനെയും ശരീരത്തിനെയും ദൈവീകവൽക്കരിക്കുന്നതിന് മുമ്പ് നമുക്ക് ഒരുമിച്ചു ആഘോഷിക്കാം, ഈ വർണ്ണപകിട്ടാർന്ന വെനീഷ്യൻ കാർണിവൽ. മധുരമനോഹര ചായങ്ങളാൽ അതിമനോഹരമായ കാർണിവൽ തീരത്തണഞ്ഞു. കയ്യിൽ കിട്ടിയ ഒരു മുഖംമൂടി എടുത്തു ആ കണ്ണുകളിലൂടെ ലോക ചരിത്രത്തിൽ ഇടംപിടിച്ച വെനീഷ്യൻ കാർണിവൽ കളത്തിലേക്ക് ഇറങ്ങിച്ചെന്നു.

നമ്മുടെ നാട്ടിൻപുറത്തെ ഉത്സവത്തെ ഓർമ്മിപ്പിക്കും വിധം വിവിധതരം ഫ്ളോട്ടുകളും, അലങ്കാര കാഴ്ചകളും, നൃത്തനൃത്യങ്ങളുമായി ഒരു ദേശം മുഴുവൻ ആഘോഷത്തിന്റെ ലഹരിയിൽ ആറാടുന്ന മായക്കാഴ്ച, ശരിക്കും മനംമയക്കുന്ന മറ്റൊരു ലോകത്ത് അകപ്പെട്ടു പോലെയായി. ഭക്ഷണപ്രിയരാണ് നിങ്ങളെങ്കിൽ നിങ്ങളെ കാത്തിരിക്കുന്നത് വിവിധതരം ഭക്ഷണങ്ങളാൽ വിഭവ സമൃദ്ധമായ കാർണിവൽ മധുരം നിറഞ്ഞ ഫുഡ് ഫെസ്റ്റിവൽ. ഈ മധുരം നിറഞ്ഞ രുചി വൈവിധ്യം നമ്മൾ ഒരിക്കലെങ്കിലും അനുഭവിച്ചറിയേണ്ടതണ്.




ഈ കാർണിവലിന്റെ ഏറ്റവും മനോഹരമായ കാഴ്ച സമ്മാനിക്കുന്നത് വ്യത്യസ്തമായ വസ്ത്രങ്ങൾ അണിഞ്ഞ് കാർണിവെലിന്റെ ചടുല താളങ്ങൾക്കൊപ്പം നടന്നു നീങ്ങുന്ന പ്രച്ഛന്ന വേഷക്കാരെയാണ്. ലക്ഷങ്ങൾ വിലമതിക്കുന്ന ഈ കോസ്റ്റ്യൂമുകൾ എന്നും ഇറ്റലിയുടെ ഫാഷൻ ഡിസൈനിങ്ങിന്റെ അന്തസ്സിനെ ലോകത്തോട് വിളിച്ചു പറയുന്നവയാണ്. അത്രമാത്രം ലോകശ്രദ്ധ ആകർഷിച്ചവയാണ് ഇവിടുത്തെ ഓരോ കാർണിവൽ കോസ്റ്റ്യൂമുകളും.

ഒരിക്കലെങ്കിലും നിങ്ങൾ ഈ വർണ്ണ വിസ്മയ കാഴ്ചകളിലൂടെ ഒന്ന് കണ്ടു സഞ്ചരിക്കണം. VK

# പ്രവാസിയുടെ സാഹിത്യഭൂപടം



**രമാ പിഷാരടി**
ബാംഗ്ലൂർ



"Sometimes I long to forget… It is painful to be conscious of two worlds."
Eva Hoffman, Lost in Translation: A Life in a New Language

പ്രവാസം എന്ന വാക്കിന്റെ അർഥതലങ്ങൾ തേടിപ്പോകുമ്പോൾ ആദ്യം മനസ്സിലേയ്ക്ക് എത്തിച്ചേരുന്നത് 'വീട്ടിൽ നിന്നകലെയുള്ള വീട് ' എന്നൊരു സങ്കൽപമാണ്. അതിജീവനത്തിന്റെ യാത്രാന്ത്യത്തിൽ ചേക്കേറുന്ന പുതിയ തണൽമരച്ചില്ലയിലെ കിളിക്കൂടുകൾ 'ഹോം എവേ ഫ്രം ഹോം'.

വിശ്വസാഹിത്യകാരനായ ഏണസ്റ്റ് ഹെമിംഗ് വെ 'സൂര്യനും ഉദിക്കുന്നു'

(The Sun also Rises')എന്ന കൃതിയിൽ "You're an expatriat. You've lost touch with the soil എന്നാണ് പ്രവാസത്തെക്കുറിച്ചെഴുതിയിരിക്കുന്നത്. ആപേക്ഷിക സിദ്ധാന്തത്തിന്റെ ഉപഞ്ജാതാവായ ലോകപ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റിന്റെ ജീവിതനിർവ്വചനം കൗതുകകരമാണ്.

"There are only two ways to live your life, as though nothing is a miracle, or as though everything is a miracle."

അതേ പോലെ അത്ഭുതങ്ങൾ തേടി ഇനിയൊരു മിറക്കിൾ ഉണ്ടായേക്കാം എന്നൊരു ചിന്തയിൽ ജനനസാന്ത്വനത്തിന്റെ സുരക്ഷയിൽ നിന്ന് പുതിയ മേച്ചിൽ പുറങ്ങൾ തേടിപ്പോകുന്ന പ്രവാസികൾ.

വാക്കിന്റെ അർഥതലങ്ങൾ തേടുമ്പോൾ കാലത്തിന്റെ ഇടവേളകൾ പുതിയ അറിവുകളായി രൂപാന്തരപ്പെടുന്നു. യുഗഭേദങ്ങളുടെ ആവശ്യകതയിൽ നിന്ന് ശാസ്ത്രം സ്വരുക്കൂട്ടിയെടുക്കുന്ന രൂപരേഖകളിലൂടെ ഉരുത്തിരിയുന്ന വസ്തുക്കൾ. കലയും ശാസ്ത്രവും രണ്ട് വിഭിന്നതലങ്ങളിലൂടെ സംവദിക്കുമ്പോൾ ഉറവ കൊള്ളുന്ന ഊർജ്ജത്തിനും രണ്ടളവുകളാണ്. പരിമിതിയിൽ നിന്നും അപരൃപ്തമായ ആകാശവ്യാപ്തിയിലേയ്ക്കും അതിനുമപ്പുറമുള്ള ഗ്രഹപ്പെരുമകളിലേയ്ക്കും സഞ്ചരിക്കുന്ന ലോകത്തിന്റെ സൂക്ഷ്മവും, സ്ഥൂലവുമായ ഭിന്നസഞ്ചയം.

തൂക്കുപാലങ്ങളിലങ്ങോടുമിങ്ങോടും ആടും പോലെയാണ് പ്രവാസിയുടെ മനസ്സും ഹൃദയവും. മനമില്ലാമനസ്സോടെ ഉപേക്ഷിച്ചുപോന്ന മൺസുഗന്ധം തേടി ജനനഗൃഹത്തിലേയ്ക്കുള്ള യാത്രകൾ. ഉത്തരവാദിത്വത്തിന്റെ, അതിജീവനത്തിന്റെ മടക്കങ്ങൾ. തിരയേറ്റത്തിൽ കടലുപേക്ഷിക്കുന്ന മൺതരികൾ പോലെ പ്രതീക്ഷ. പുതുവഴിയിൽ പ്രവാസി നെഞ്ചോടേറ്റുന്ന ആദ്യക്ഷരമധുരം. എഴുതിത്തീരാത്ത സമുദ്രങ്ങളുടെ നിധിശേഖരങ്ങൾ. പ്രതിസന്ധിയുടെ പ്രകമ്പനകാലത്തും ഉപേക്ഷിക്കാനാകാത്ത പ്രിയപ്പെട്ട അക്ഷരലിപികൾ. പ്രവാസിയുടെ സാഹിത്യം ഒരുൾവിളിയാണ്. ഉണർത്തെഴുത്താണ്, സ്മൃതിയിടമാണ്, ഓർമ്മപുതുക്കലാണ്. വായനശാലയുടെ ഗന്ധമാവാഹിച്ചെടുത്ത താളിയോലപ്പഴക്കത്തിലൂടെ അച്ചടിമഷിയുടെ പുതുലിപികളിലൂടെ പ്രവാസിയും സഞ്ചരിക്കുന്നു. പ്രവാസം എന്ന നോവലിൽ എം മുകുന്ദനും, ആടുജീവിതത്തിലൂടെ ബന്യാമിനും, അപഹരിക്കപ്പെട്ട ദൈവങ്ങളിലൂടെ ആനന്ദും പ്രവാസത്തിന്റെ ശബ്ദമാകുമ്പോൾ മാറ്റത്തിന്റെ പുതിയ പ്രവാസമുഖം നമുക്ക് ദർശിക്കാനാകുന്നു.

> തൂക്കുപാലങ്ങളിലങ്ങോട്ടുമിങ്ങോട്ടും ആടും പോലെയാണ് പ്രവാസിയുടെ മനസ്സും ഹൃദയവും. മനസില്ലാമനസോടെ മനസ്സോടെ ഉപേക്ഷിച്ചുപോന്ന മൺസുഗന്ധം തേടി ജനനഗൃഹത്തിലേയ്ക്കുള്ള യാത്രകൾ. ഉത്തരവാദിത്വത്തിന്റെ, അതിജീവനത്തിന്റെ മടക്കങ്ങൾ

അക്ഷാംശങ്ങളും രേഖാംശങ്ങളും അളന്ന് തിട്ടപ്പെടുത്താനാവാതെയൊരു ഭൂഖണ്ഡമാണ് പ്രവാസിയുടെ സാഹിത്യലോകം. എഴുതിയെഴുതി വിരൽ നോവുമ്പോഴും ആൾപ്പാർപ്പധികമില്ലാത്ത ഒരു ഗോത്രം പോലെയാ

ണ് പ്രവാസിയുടെ സാഹിത്യഭൂപടം. മെയിൻ സ്ടീമിന്റെ അക്ഷരക്കൂടുകളിൽ കേരളത്തിന്റെ മഴുപ്പാടു വീണ ചെറിയ ഹരിതഭൂമി നിറയുമ്പോൾ പ്രവാസി അന്യസംസ്ഥാനത്തിന്റ മതിൽച്ചുറ്റുകളിലിരുന്ന് മാതൃഭാഷയുടെ അമൃതിലെഴുതുന്നു. ആഘോഷിക്കപ്പെടാത്ത ആത്മസാക്ഷാത്ക്കാരമാണത്. പൈതൃകത്തിന്റെ നിറക്കൂട്ടുകളാണതിൽ. വലയങ്ങളുടെ മാസ്മരികപ്രഭയില്ലാതെ, താരഘോഷങ്ങളില്ലാതെ പ്രവാസി സാഹിത്യത്തിന്റെ ചെറിയ ചെറിയ മേച്ചിൽപ്പുറങ്ങൾ സ്വയമുണ്ടാക്കുന്നു. മേയാൻ താഴ്വാരങ്ങൾ തേടിപ്പോകും മേഘങ്ങൾക്കിടയിലൂടെ സന്ദേശങ്ങളുമായി നീങ്ങും ചെറുകിളികളെപ്പോൽ ചിറക് നിർത്തിപ്പറക്കുന്നവർ. ആകാശത്തിന്റെ അനന്തമണ്ഡലത്തിൽ, താരകാവർഷങ്ങളുടെ പ്രകാശപ്രഭയിൽ, യാഥാർഥ്യത്തിന്റെ നടുക്കങ്ങളിൽ ചിന്തകളെ ഘനനം ചെയ്യുന്നവർ. അപരിചിതത്വത്തിന്റെ ചുരുക്കങ്ങളിൽ നിന്ന് സ്വയം പരിചിതമാകുന്നവർ.

**തിരക്കിന്റെ നഗരത്തിനോരോയിടങ്ങളിലും പ്രവാസിയുടെ കൂട്ടായ്മകൾ. സാഹിത്യത്തിന്റെ ശബ്ദരേഖകൾ, കനലെഴുത്തുകൾ, സങ്കീർണ്ണതയുടെ വിഭിന്നരൂപങ്ങൾ, കൗതുകക്കുറിപ്പുകൾ. ദൂരെദൂരേയ്ക്ക് യാത്രയാകുമ്പോഴും മലയാണ്മയുടെ കായലോരങ്ങളിലൂടെ പായ് വഞ്ചി തുഴഞ്ഞോർമ്മകൾ മനസ്സിലേയ്ക്ക് ഓളങ്ങളിലൊഴുകിയെത്തും**




Hope is the thing with feathers that perches in the soul and sings the tunes without the words and never stops at all.

എന്ന എമിലി ഡിക്കിൻസിന്റെ പ്രതീക്ഷ (ഹോപ്) എന്ന കവിത പോലെയുള്ളിന്റെയുള്ളിൽ വസന്തമെത്തുമെന്ന്, പുതിയ പുലരിയുണ്ടാകുമെന്ന് പ്രത്യാശയോടെ കാത്തിരിക്കുന്നവർ. സാഹിത്യത്തിന്റെ വിവിധ തലങ്ങൾ പ്രവാസഹൃദയങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നു. കൂട്ടായ്മയകളിലൂടെ, സംവാദങ്ങളിലൂടെ, പരിഭവത്തിലൂടെ, പരിദേവനത്തിലൂടെ, അക്ഷരക്കൂട്ടുകളെ ആസ്വദിക്കുന്നു, സ്നേഹിക്കുന്നു.

സ്ഥലജലഭ്രമവുമായ് നിഴലാടുന്ന ശൈത്യവെയിലിൽ ഭൂമിയുടെ അരികിലൂടെ ആസ്ട്രോയിഡ് ഫാതോൺ കടന്നു പോയതറിഞ്ഞ് ആശ്വസിക്കുന്ന അറിവ്. ഭൗമപ്രദക്ഷിണപാതയ്ക്കരികിലൂടെ ഫോളറൻസ് എന്ന ഛിന്നഗ്രഹം കടന്നു പോയപ്പോൾ അതൊന്ന് ഭൂമിയുമായുരസിയാൽ അപ്രത്യക്ഷമായേക്കാവുന്ന ഒരു ജീവമണ്ഡലത്തിന്റെ നൈമിഷികതെയോർമ്മിക്കാതെ അഹം ബോധം അല്പനേരമെങ്കിലും മനസ്സിൽ സൂക്ഷിക്കുന്ന ജന്മരാശിയുടെ ചഞ്ചലത്വം മനനം ചെയ്യേണ്ട മനുഷ്യനിർവ്വചനത്തെ ഇടനേരങ്ങളിൽ ഉലയ്ക്കുന്നുവെങ്കിലും പ്രതീക്ഷയുടെ കൈത്തിരികൾ സൂക്ഷിക്കുന്നു പ്രവാസം.

തിരക്കിന്റെ നഗരത്തിനോരോയിടങ്ങളിലും പ്രവാസിയുടെ കൂട്ടായ്മകൾ. സാഹിത്യത്തിന്റെ ശബ്ദരേഖകൾ, കനലെഴുത്തുകൾ, സങ്കീർണ്ണതയുടെ വിഭിന്നരൂപങ്ങൾ, കൗതുകക്കുറിപ്പുകൾ. ദൂരെദൂരേയ്ക്ക് യാത്രയാകുമ്പോഴും മലയാണ്മയുടെ കായലോരങ്ങളിലൂടെ പായ് വഞ്ചി തുഴഞ്ഞോർമ്മകൾ മനസ്സിലേയ്ക്ക് ഓളങ്ങളിലൊഴുകിയെത്തും. സഞ്ചാരങ്ങളുടെ കപ്പലോട്ടങ്ങളുടെ നൂറ്റാണ്ടുകളുടെ സുഗന്ധസ്മരണകൾ പോലെ എല്ലാക്കാലവും എഴുത്തും പ്രവാസിയുടെ ശ്വാസനിശ്വാസങ്ങളിൽ ഊർജ്ജസ്ഫുലിംഗങ്ങളേറ്റുന്നു. മറന്നിട്ട പേനകളിലൂടെ ഉള്ളിലുരുത്തിരിയുന്ന സമസ്യകളുടെ പൂരണം.

പ്രവാസികളുടെ സ്വർഗഭൂമിയാണ് ബാംഗ്ളൂർ. ഇന്ത്യയുടെ ഒരു ചെറിയ ഭൂപടം ഇവിടെ രൂപം കൊണ്ടിരിക്കുന്നു. ഇൻഫോമേഷൻ ടെക്നോളജിയുടെ ആസ്ഥാനമായ ബാംഗ്ളൂരിലെ കേരളം സാംസ്ക്കാരികമായും, സാഹിത്യപരമായും വളർന്നുകൊണ്ടിരിക്കുന്നു. നഗരതിരക്കിന്റെ തീക്ഷ്ണതയിലും പ്രാരബ്ദങ്ങളുടെ ആശങ്കകളിലും, വാരാന്ത്യങ്ങളെ കൂട്ടായ്മകളിലൂടെ കേരളസംസ്ക്കാര, സാഹിത്യലോകത്തെ കൈകുമ്പിളേറ്റി പരിലാളിക്കുന്നു മലയാള പ്രവാസം.

കൂട്ടായ്മകളുടെ എണ്ണം കൂടുന്നത് ആരോ




ഗ്യപരമാണോ എന്നൊരു ആശങ്കയുണ്ടെങ്കിലും തിരക്കിന്റെയിടങ്ങളിലെ ഒരു വാരാന്ത്യം വീടിനരികിലാക്കാനുള്ള ഒരു ശ്രമം എന്ന നിലയിൽ അതിനെ അംഗീകരിക്കാനാവും. ദു:ഖകരമായ ഒരു വസ്തുത പ്രവാസി സാഹിത്യം ഇപ്പോഴും മൂലത്തിന്റെ ആശ്രിതകാലമായ് നിലനിൽക്കുന്നു എന്നതാണ്. അതിനാലാവണം പ്രവാസിസാഹിത്യം മെയിൻസ്ട്രീമിന്റെ ക്രീമിലെയറിനരികിലെ ഒരു സാധാരണ സംഗതിയായി നിലകൊള്ളുന്നത്. ബാംഗ്ളൂരിലെ കുറെയേറെ സംഘടനകൾ പ്രവാസി സാഹിത്യത്തെ അംഗീകരിക്കുന്നു എങ്കിലും, കേരളഭൂപടത്തിൽ പ്രവാസി സാഹിത്യം ഇന്നും അടയാളപ്പാട് തേടുന്ന അക്ഷരക്കൂട്ടുകളാണ്. ആത്മസാക്ഷാത്ക്കാരത്തിന്റെ എഴുത്തിന് അംഗീകാരം ആവശ്യമോ എന്നൊരു മറുവശവുമുണ്ട്. അതിനാലാണ് പ്രവാസി ഇന്നും തൂലിക കൈയിലേറ്റുന്നത്, എഴുതിക്കൊണ്ടേയിരിക്കുന്നത്. അംഗീകാരത്തിനപ്പുറം ആത്മസംവേസദനത്തിന്റെ സംപ്തൃതി. അതിലുണരുന്ന ഊർജ്ജമാണ് പ്രവാസിയുടെ സാഹിത്യം

പോൾ ബൗൾസ് 'Sheltering Sky' എന്ന കൃതിയിൽ പറയുന്നു

"But there was never any knowing or any certitude; the time to come always had more than one possible direction. One could not even give up hope. The wind would blow, the sand would settle, and in some as yet unforeseen manner time would bring about a change which could only be terrifying, since it would not be a continuation of the present."

ഭൂമിയുടെ ഓരോരോയിടങ്ങളും തേടിയുള്ള യാത്രയിൽ നിന്ന് വ്യത്യസ്തമാണ് ജീവസന്ധാരണത്തിനായുള്ള അതിജീവനപ്രവാസം.

"In a gentle way you can shake the World"

മഹാത്മാഗാന്ധിയുടെ വാക്കുകളാണിത്

പല നദികൾ ചേരും സമുദ്രം പോലെ പല സംസ്ക്കാരങ്ങൾ ചേർന്നൊഴുകും പ്രവാസം. അറിഞ്ഞോ അറിയാതെയോ ഹൃദയത്തോട് ചേർത്തു വയ്ക്കുന്ന ഭൂമിയുടെ ഒരിടം. ഭൂഖണ്ഡങ്ങളുടെ തിരിവുകളിലൂടെ, അതിരുകളിലൂടെ ജനനഗന്ധമുള്ള മൺ തരികൾ കടന്ന് എത്തിച്ചേരുന്ന പുതിയ ഭൂമി. പ്രവാസത്തിന്റെ ഭൂപടം. VK



ചിത്രങ്ങൾ : വിപിൻ ജോസ് അർത്തുങ്കൽ.

# അപകടം പതിയിരിക്കുന്ന സുന്ദരഭൂമിയിലേക്ക്

നവംബർ മാസത്തിലെ ഒരു തണുത്ത ഞായറാഴ്ച. മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് അതിരാവിലെതന്നെ കൂട്ടുകാരുമായി എത്ന അഗ്നിപർവതം കാണാനുള്ള യാത്രയാരംഭിച്ചു. കഠിനമായ തണുപ്പിനെ പ്രതിരോധിക്കാൻ കട്ടിയുള്ള ജാക്കറ്റും ബൂട്ട്സും കയ്യുറകളും ഷോളും തൊപ്പിയുമൊക്കെ ധരിച്ചിട്ടുണ്ട്. ഏതാണ്ട് രണ്ടു മണിക്കൂറോളം സമയമെടുക്കുന്ന യാത്രയാണ്. വാഹനത്തിൽകയറി സൈഡ്സീറ്റിൽത്തന്നെ ഇരിപ്പുറപ്പിച്ചു. തണുപ്പിന്റെ കാഠിന്യംകൊണ്ടാകാം, അധികം വൈകാതെ എല്ലാവരും ഉറക്കത്തിലായി.

ശരീരത്തിലേക്ക് സൂചി കുത്തിയിറക്കുന്നതുപോലെ തണുപ്പ് അരിച്ചുകയറുന്നത് അറിഞ്ഞപ്പോഴാണ് ഉറക്കമുണർന്നത്. വണ്ടിയിലുള്ളവരൊക്കെ കൈകൾ ജാക്കറ്റിനുള്ളിൽ തിരുകി സീറ്റുകളിത്തന്നെ വിറച്ചിരിക്കുകയാണ്. പലരുടെയും പല്ലുകൾ കൂട്ടിയിടിക്കുന്നതിന്റെ ശബ്ദം വ്യക്തമായി കേൾക്കാം. ഞങ്ങൾ ലക്ഷ്യത്തിൽ എത്തിയിരിക്കുന്നു. സൈഡ്ഗ്ലാസിലൂടെ പുറത്തേയ്ക്കു നോക്കി. ഒന്നും വ്യക്തമായി കാണാനാവുന്നില്ല. ഗ്ലാസിലാകെ മഞ്ഞുകണങ്ങൾ മറതീർത്തിരിക്കുന്നു.

ഡ്രൈവർ, വാഹനത്തിന്റെ ഓട്ടോമാറ്റിക്ക് വാതിൽ തുറന്നു. ശക്തമായ കാറ്റ് അന്തരീക്ഷത്തിലെ മഞ്ഞുകണങ്ങളെ വണ്ടിക്കുള്ളിലേക്ക് അടിച്ചുകയറ്റി.

എല്ലാവരും കിടുകിടെ വിറയ്ക്കാൻ തുടങ്ങി. മഞ്ഞുപെയ്യുന്ന മലയിലേക്ക് ഓരോരുത്തരായി ഇറങ്ങി. കണ്ണെത്തുന്നിടത്തൊക്കെ മഞ്ഞുപുതച്ച വെള്ളക്കുന്നുകൾമാത്രം!. തൊട്ടുമുന്നിലെ റോഡരികിലും അങ്ങകലെ മലമുകളിലും തൂവെള്ളപ്പുതപ്പു വാരിച്ചുറ്റിയതുപോലെ തണുത്തുറഞ്ഞ മഞ്ഞുമാത്രം!! ചുറ്റുമുള്ള പൈൻമരങ്ങളുടെ ചില്ലകളിൽ, പഞ്ഞിക്കെട്ടുകളായി കട്ടപിടിച്ചിരിക്കുന്ന മഞ്ഞിൻകൂട്ടങ്ങൾ!! ദൂരെ, മഞ്ഞുമൂടിക്കിടക്കുന്ന എത്നയുടെ പർവതമുഖത്തുനിന്ന് അപ്പോഴും പുകച്ചുരുളുകൾ ഉയർന്നുപറക്കുന്നുണ്ട്. തണുത്തുമരവിച്ച് ആദ്യംകയറിയത് അടുത്തുകണ്ട കഫെത്തേരിയയിലേക്കാണ്. ചൂടുകഫെ കുടിച്ചുകഴിഞ്ഞപ്പോൾ മനസും ശരീരവും ഒന്നുഷാറായി.

## സാഹസികരുടെ സന്നിധാനം

സാഹസികത ഇഷ്ടപ്പെടുന്ന സഞ്ചാരികളുടെ പറുദീസയാണ് ഇറ്റലിയിലെ എത്ന അഗ്നിപർവതം. തെക്കൻ ഇറ്റലിയിൽ സ്ഥിതിചെയ്യുന്ന സിസിലി ദ്വീപിന്റെ കിഴക്കൻ പ്രദേശത്തുള്ള കതാനിയ പട്ടണത്തിലെ സജീവ അഗ്നിപർവതമാണ് ഇത്. യൂറോപ്പിലെ സജീവ അഗ്നിപർവതങ്ങളിൽ ഏറ്റവും ഉയരംകൂടിയതാണ് മൗണ്ട് എത്ന. 3763 മീറ്ററാണ് ശരാശരി



**വിപിൻ ജോസ് അർത്തുങ്കൽ**
ഇറ്റലി



ഉയരം. 140 കിലോമീറ്റർ ചുറ്റളവിലാണ് എത്ന വ്യാപിച്ചുകിടക്കുന്നത്.

## തീതുപ്പുന്ന പർവതനിരകൾ

എത്നയിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഉഗ്രസ്ഫോടനങ്ങളും ഭൂമികുലുക്കങ്ങളും സന്ദർശകരിൽ ഭയമുളവാക്കുമെങ്കിലും പ്രദേശവാസികൾ ഇതിനെയൊക്കെ ധീരതയോടെ നേരിടുകയാണ് പതിവ്. അല്ലെങ്കിൽത്തന്നെ, ഉരുകിത്തെറിക്കുന്ന ലാവാപ്രവാഹംകണ്ട് നെഞ്ചുപിടക്കാതെ അചഞ്ചലരായിരിക്കാൻ ആവശ്യമായ കരളുറപ്പ് തലമുറകളായി ഇവർ ആർജിച്ചുകഴിഞ്ഞു എന്നതാണ് സത്യം.

ബി സി 475 ൽ ആണ് എത്നയിലെ ആദ്യ സ്ഫോടനം നടന്നതെന്നാണ് ചരിത്രരേഖകൾ പറയുന്നത്. പിന്നീട് തുടർച്ചയായി നൂറുകണക്കിനു സ്ഫോടനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇവയിൽ പലതും സമാനതകളില്ലാത്ത വിനാശം വിതച്ചവയായിരുന്നു.

എത്നയുടെ ഇതുവരെയുള്ള ചരിത്രത്തിൽ ഏറ്റവും വിനാശകരമായ സ്ഫോടനവും ലാവാപ്രവാഹവും ഉണ്ടായത് 1669 മാർച്ച് മാസത്തിലാണ്. മാർച്ച് 11 ന് ആയിരുന്നു ആദ്യ സ്ഫോടനം. പിന്നീട് ഏതാനും ആഴ്ചകൾ നീണ്ടുനിന്ന തുടർസ്ഫോടനങ്ങളുടെ ഫലമായി ഒഴുകിയിറങ്ങിയ ലവാപ്രവാഹത്തിൽ കതാനിയ പട്ടണത്തിന്റെ പശ്ചിമാർദ്ധവും പന്ത്രണ്ടോളം ഗ്രാമങ്ങളും പൂർണമായി എരിഞ്ഞുതീർന്നു. 20,000 ത്തിലധികം ആളുകൾക്കാണ് അന്ന് ജീവൻ നഷ്ടപ്പെട്ടത്. ആയിരക്കണക്കിന് ജനങ്ങൾ ഭവനരഹിതരായി. സ്ഫോടനമുഖത്തുനിന്ന് ഒലിച്ചിറങ്ങിയ ലാവ, റോഡിലൂടെ 65 കിലോമീറ്ററിലധികം ഒഴുകി കടലിൽ പതിച്ചുവത്രേ. അന്നുനടന്ന സ്ഫോടനത്തിന്റെ ഫലമായി പ്രധാന പർവതത്തിന്റ കൊടുമുടി ഇടിഞ്ഞുതാഴുകയും അവിടെ





2440 മീറ്റർ വ്യാസമുള്ള ഒരു ക്രേറ്റർ തടാകം രൂപപ്പെടുകയും ചെയ്തു.

1169 ഫെബ്രുവരി നാലിന് എത്നയുടെ താഴ്വരയിൽ അതിഭയാനകമായ ഒരു ഭൂമികുലുക്കമുണ്ടായി. അഗ്നിപർവത സ്ഫോടനത്തിനു തൊട്ടുമുൻപുണ്ടായ ആ ഭൂമികുലുക്കത്തിൽ 15,000 നും 25,000 നും ഇടയിൽ പ്രദേശവാസികൾ മരണമടഞ്ഞതായിട്ടാണ് കണക്കാക്കുന്നത്. 2017 മാർച്ചിൽ ബിബിസി ന്യൂസ് സംഘം അഗ്നിപർവതത്തിൽ ദൃശ്യങ്ങൾ പകർത്തുന്നതിനിടെ അപ്രതീക്ഷിതമായി വലിയ സ്ഫോടനമുണ്ടായതാണ് അടുത്തിടെയുണ്ടായ ശ്രദ്ധിക്കപ്പെട്ട അപകടം. ബിബിസിയുടെ ശാസ്ത്രറിപ്പോർട്ടർ റബേക്കാ മൊറേല്ലെ യുടെ നേതൃത്വത്തിലുള്ള സംഘാംഗങ്ങൾ തലനാരിഴയ്ക്ക് രക്ഷപെട്ടെങ്കിലും ചിതറിത്തെറിച്ച വലിയ പാറക്കഷണങ്ങൾ ശരീരത്തിൽപ്പതിച്ച് പത്തിലധികംപേർക്ക് കാര്യമായ പരിക്കുപറ്റി. സമയോചിതമായി ഇടപെട്ട സുരക്ഷാസംഘം, സ്ഥലത്തുണ്ടായിരുന്നവരെ ഉടനടി താഴെയിറക്കിയതിനാൽ ആളപായമുണ്ടായില്ല.

എത്ന പൊട്ടിത്തെറിക്കുമ്പോൾ തീക്കാറ്റും അപൂർവമായി മിന്നൽപ്പിണരുമൊക്കെ ഉണ്ടാകാറുണ്ട്. ഇതിന്റെഫലമായി കിലോമീറ്ററുകൾ അകലെവരെ അന്തരീക്ഷത്തിൽ ചാരവും പുകയും വ്യാപിക്കും. 3000 മീറ്ററിലധികം ഉയരത്തിൽവരെ, തിളയ്ക്കുന്ന ലാവ കുതിച്ചുയരാറുണ്ടെന്ന് ഇറ്റലി നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജിയോഫിസിക്സ് ആൻഡ് വോൾക്കനോളജി (ഐഎൻജിവി) അധികൃതർ പറയുന്നു. ഈസമയത്ത് വിമാന സർവീസുകൾ ഉൾപ്പെടെയുള്ള ഗതാഗതമാർഗങ്ങളെല്ലാം നിർത്തിവെയ്ക്കേണ്ടതായിവരും. ഓരോ സ്ഫോടനങ്ങൾക്കുശേഷവും കതാനിയ എയർപോർട്ടിന്റെ റൺവേയിൽ പതിക്കുന്ന ചാരവും പാറക്കഷണങ്ങളും നീക്കം ചെയ്യുന്നത് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ജോലിയാണ്.

എത്നയുടെ തെക്കുകിഴക്കൻ ചരിവിൽ 'സിൽവെസ്ത്രി' എന്നപേരിൽ ഒരു സ്ഫോടനമുഖമുണ്ട്. 1892 ലെ സ്ഫോടനത്തെ തുടർന്നുണ്ടായ ഈ ഗർത്തതിന് രണ്ടായിരം മീറ്ററിലധികമാണ് ചുറ്റളവ്!. ഇതിന്റെ കുത്തനെയുള്ള വശങ്ങളിലൂടെ നമുക്ക് ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയും. സമുദ്രനിരപ്പിൽ നിന്ന് 1900 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഇരുണ്ടഗർത്തത്തിന്റെ അടിത്തട്ടിൽ നിൽക്കുമ്പോൾ മറ്റേതോ ഗ്രഹത്തിൽ എത്തിയ പ്രതീതിയാണ് ഉണ്ടാവുക.

## അനുഗ്രഹവും അപകടവുമാകുന്ന ലാവ

പല നൂറ്റാണ്ടുകളിലായി ഒഴുകിയിറങ്ങിയ ലാവ, എത്നയുടെ താഴ്വര പ്രദേശങ്ങളെ വളരെയേറെ ഫലഭൂയിഷ്ഠമാക്കിയിട്ടുണ്ട്. എത്നയിൽനിന്ന് ഒഴുകിയിറങ്ങി തണുത്തുറക്കുന്ന ലാവ ധാതുലവണങ്ങളുടെ കലവറയാണ്. വിവിധയിനം മുന്തിരികൾ, അപ്പിൾ, ചെറി, ഓറഞ്ച്, നാരങ്ങ, ഒലിവ്, പലതരത്തിലുള്ള പച്ചക്കറികൾ എന്നിവയൊക്കെ എത്നയുടെ അടിവാര ഗ്രാമങ്ങളിൽ സമൃദ്ധമായി





വളരുന്നു. ലോകത്തിലെ ഏറ്റവും രുചിയറിയ പിസ്ത വിളവെടുക്കുന്നത് ഈ അഗ്നിപർവതത്തിന്റെ പരിസരപ്രദേശങ്ങളിൽനിന്നാണ് എന്നുപറയപ്പെടുന്നു.

എന്നാൽ, തുടർച്ചയായി നീറിപ്പുകയുന്ന അഗ്നിപർവതത്തിൽനിന്നു വമിക്കുന്ന പുകയും, സ്ഫോടനസമയത്ത് അപകടകരമായ അളവിൽ പുറത്തുവരുന്ന സൾഫർ ഡയോക്സൈഡിന്റെ സാന്നിദ്ധ്യവും പ്രദേശവാസികളിൽ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. നിശ്ചിത അളവിൽ കൂടുതലായി ഇവിടുള്ളവരിൽ ശ്വാസകോശസംബന്ധമായ അസുഖങ്ങൾ കണ്ടുവരുന്നുണ്ടെന്ന്, പല ആരോഗ്യ സർവേകളിലും സൂചനകളുണ്ട്.

### കൗതുകമുണർത്തുന്ന ഐതീഹ്യങ്ങൾ

ഗ്രീക്കുപുരാണത്തിലെ ഏറ്റവും ക്രൂരന്മാരായ രാക്ഷസരിൽ പ്രധാനിയാണ് ടൈഫസ്. പ്രപഞ്ചത്തിന്റെ ആധിപത്യം നേടുന്നതിനായി ടൈഫസും സിയൂസ് ദേവനുമായി ഒരു മഹായുദ്ധം നടന്നു. ഇടിമിന്നലുകളുടെ സഹായത്തോടെ സിയൂസ് യുദ്ധത്തിൽ വിജയിച്ചു. സിയൂസിന്റെ പുത്രിയായ അഥീന, പരാജിതനായ ടൈഫസിനെ എത്ന അഗ്നിപർവതത്തിനടിയിൽ കുഴിച്ചിട്ടത്രേ.! പർവതത്തിനടിയിൽ വീർപ്പുമുട്ടി കിടക്കുന്ന ടൈഫസ്, ഇരുവശങ്ങളിലേക്കും തിരിയുമ്പോഴാണ് എത്നയിൽ ഭൂകമ്പം ഉണ്ടാകുന്നതെന്നാണ് ഇവിടുത്തെ ഐതീഹ്യം. ഗ്രീക്കുപുരാണേതിഹാസങ്ങളിൽ പറയുന്ന, വൃത്താകൃതിയിലുള്ള ഒറ്റക്കണ്ണുള്ള സൈക്ലോപ്സ് എന്ന ഭീകരരായ രക്ഷസുകളുടെ താവളമാണ് എത്ന എന്നാണ് മറ്റൊരു ഐതീഹ്യം. സൈക്ലോപ്സുകളുടെ കണ്ണുനീരാണത്രേ ലാവയായി പുറത്തേക്ക് ഒഴുകുന്നത് !!.

### കരിപുരണ്ട കാഴ്ചകളുടെ വന്യത

മാർച്ചുമാസത്തിലെ ഒരു അവധിദിനം. എത്നയുടെ മറ്റൊരു മുഖം കാണാൻ കഴിഞ്ഞത് അന്നായിരുന്നു. ശൈത്യകാലത്തു കണ്ട എത്നയുടെ നേർവിപരീതമാണ് ഉഷ്ണകാലത്തേത്. തണുപ്പുകാലത്ത് മഞ്ഞിൻ വെണ്മയുടെ നൈർമല്യമാണ് എത്നയിൽ നമ്മളെ ആകർഷിക്കുന്നതെങ്കിൽ, ചൂടുകാലത്ത് പേടിപ്പെടുത്തുന്ന കറുത്തിരുണ്ട വന്യതയാണ് സന്ദർശകരെ കാത്തിരിക്കുന്നത്. തലേദിവസം രാത്രിയിൽ അതിശക്തമായി പൊട്ടിത്തെറിച്ചതിന്റെ ശേഷിപ്പുകൾ കിലോമീറ്ററുകൾക്കു മുന്നേ തന്നെ കാണാനായി. വീടുകൾക്കു മുന്നിലും റോഡിലുമൊക്കെ കറുത്തനിറത്തിലുള്ള ചെറിയ പാറക്കഷണങ്ങൾ നിറഞ്ഞുകിടക്കുകയാണ്. റോഡരികിൽ പാർക്കുചെയ്തിരിക്കുന്ന ചില കാറുകളുടെ ചില്ലുകൾ പാറക്കഷണങ്ങൾ പതിച്ച് പൊട്ടിത്തകർന്നിട്ടുണ്ട്. എത്നയോട് അടുക്കുംതോറും അന്തരീക്ഷത്തിൽ വെടിമരുന്നിന്റെ ഗന്ധം..! വാഹനത്തിൽനിന്നിറങ്ങി മുകളിലേക്ക് കയറുമ്പോൾ കടുത്തചൂട് അനുഭവപ്പെട്ടു.

പണ്ട് മഞ്ഞുമൂടിക്കിടന്ന മലമുകളിൽ വലുതും ചെറുതുമായ നിരവധി ഗർത്തങ്ങളാണ്. മുൻപെപ്പോഴോ പൊട്ടിത്തെറിച്ച് ലാവാപ്രവാഹമുണ്ടായ അഗ്നിപർവതമുഖങ്ങളാണ് ഇപ്പോൾ വലിയ കുഴികളായി കാണപ്പെടുന്നത്. കാലങ്ങളായി ഒഴുകിയിറങ്ങി കട്ടപിടിച്ച ലാവ, പ്രദേശമാകെ നിറഞ്ഞുകിടക്കുകയാണ്. ശക്തമായ കാറ്റിൽ ചാരവും പൊടിപടലങ്ങളും വസ്ത്രത്തിനുള്ളിലേക്ക് അടിച്ചുകയറുന്നുണ്ട്. കൂടുതൽ സമയം അവിടെ നിൽക്കാൻപറ്റാതെവന്നതോടെ താഴേക്കിറങ്ങി.

അടിവാരത്തിലെത്തിയപ്പോൾ എല്ലാവരും ചാരത്തിൽമൂടിയ കറുത്ത രൂപങ്ങളായി മാറിയിരുന്നു. അത്ഭുതവും അപകടവും ഒളിപ്പിച്ചുവെച്ച എത്നയുടെ ഓർമ്മയ്ക്കായി, ഒഴുകിയിറങ്ങിയ ലാവയുടെ ചെറിയ കഷണങ്ങൾ ശേഖരിച്ച് ഞങ്ങൾ മലയിറങ്ങി. താഴെ, വാഹനത്തിലേക്കു കയറാനൊരുങ്ങുമ്പോൾ മുകളിലെവിടെയോതുറന്ന പുതിയൊരു മുഖത്തുനിന്ന് ശക്തമായൊരു സ്ഫോടനശബ്ദം ഉയർന്നുകേട്ടു. അവിടെനിന്ന് ഉയർന്ന പുകച്ചുരുളുകൾ നീലാകാശത്ത് ഏതൊക്കെയോ ഭീകരരൂപങ്ങൾ തീർത്ത് അലക്ഷ്യമായി ഒഴുകിനടന്നു. VK



# ഭൂമിയുടെ 'സ്വന്തം' അവകാശികൾ



ബിന്ദു റെജി
ആലപ്പുഴ

അതിരാവിലെ ഉണർന്ന് അടുക്കളയിൽ കയറിയതാണ് ഭാനു. ബ്രേക്ക് ഫാസ്റ്റ് ഉണ്ടാക്കണം, മക്കൾക്കും ഭർത്താവിനും ഉച്ചഭക്ഷണം കൊടുത്തു വിടണം... രാവിലെ ഉണർന്നിട്ടും, പൊതുവെ മന്ദഗതിക്കാരിയായ ഭാനുവിന് അതൊട്ടു തീർക്കാനും പറ്റുന്നില്ല. എങ്കിലും ധൃതിപിടിച്ച് ചെയ്തുതീർക്കാൻ ശ്രമിക്കുകയാണാ പാവം. ബ്രേക്ക്ഫാസ്റ്റിന് ഉപ്പുമാവുണ്ടാക്കാമെന്ന് കരുതി റവ അളന്ന് മാറ്റിവച്ചു. സവാളയെടുത്ത് അരിയാൻ തുടങ്ങി. അപ്പോഴാണ് മുകളിലെ മുറിയിൽ നിന്ന് മോളുടെ നിലവിളി കേട്ടത്.


' അയ്യോ! മമ്മീ.....ഓടിവായോ... ഓടിവായോ..'

നിലവിളി കേട്ടതും കൈയ്യിലിരുന്ന കത്തി തെറിച്ചു പോയി. ഭാനു അത് വകവയ്ക്കാതെ മുകളിലേയ്ക്കോടി. പുതച്ചിരുന്ന പുതപ്പും കൈയ്യിലെടുത്ത്, കട്ടിലിന്റെ പുറത്ത് നിന്ന് 'തിത്തിത്തോ' കളിക്കുകയാണ് അമ്മൂട്ടി. ഭാനുവിനെ കണ്ടതും,'അയ്യോ മമ്മീ... പാറ്റ...പാറ്റ... അടിച്ചു കൊല്ല് ഇതിനെ' അമ്മു വിളിച്ചു കൂവുകയാണ്.

'നാശം പിടിച്ച ജന്തു.... മനുഷ്യനെ ഉറക്കാനും സമ്മതിക്കൂല്ല.'

അവൾ ചവിട്ടിത്തുള്ളി പറഞ്ഞു.


ഭാനു മുറിയിൽ കടന്ന് ചെന്ന് എല്ലായിടത്തും നോക്കി. അതിന്റെ പൊടിപോലും അവിടെയെങ്ങും കണ്ടില്ല. 'എന്തോന്നാടീ നീയിങ്ങനെ കാറിക്കൂവുന്നത്? നാണമില്ലല്ലോ ഇത്രയും വളർന്നിട്ടും ഇത്തിരിപ്പോന്നൊരു പ്രാ



ണിയെ കണ്ട് വിളിച്ചു കൂവാൻ! അത് ഇവിടെ എവിടേലും കഴിഞ്ഞോട്ടേ. നിന്നെ പിടിച്ച് വിഴുങ്ങത്തൊന്നുമില്ലല്ലോ... ഒരു പാവം ക്രീച്ചർ... എടീ മോളേ... നമ്മുടെ വൈക്കം മുഹമ്മദ് ബഷീറിക്ക പറഞ്ഞിട്ടുള്ളത് എന്താന്നറിയാമോ, എല്ലാ ജീവികൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന്... അതായത് മനുഷ്യര് മാത്രമല്ല ഇതുപോലെയുള്ള കുഞ്ഞ് കുഞ്ഞ് ജീവികളും ഈ ഭൂമിയുടെ അവകാശികളാണെന്ന്. അപ്പോ പിന്നെ ഞാനതിനെ കൊല്ലുന്നത് ശരിയാണോ? അതീ വീട്ടിൽ എവിടെയെങ്കിലും ജീവിച്ചോട്ടെ. കൊല്ലാനും തിന്നാനുമൊന്നും പോകണ്ട.‘

‘ഹൊ! എന്തൊരു ജീവി സ്നേഹം! മമ്മിയ്ക്കും ഇതുപോലത്തെ അനുഭവം വരട്ടെ. അപ്പോ ഞാൻ പറഞ്ഞു തരാം കേട്ടോ... ഓരോ തത്വജ്ഞാനവും കൊണ്ടു വന്നോളും. ‘ഇനി ഞാൻ ഈറൂമിൽ ഇരുന്നാൽ ശരിയാവില്ല. ആ നശിച്ച പാറ്റ ഇഷ്ടം പോലെ ഇതിനകത്ത് സ്വൈരവിഹാരം നടത്തിക്കോട്ടെ’. പുതപ്പ് അവിടെ വലിച്ചെറിഞ്ഞുകൊണ്ട് ദേഷ്യത്തോടെ അമ്മു റൂമിൽ നിന്ന് പുറത്തിറങ്ങി, ബാൽക്കണിയിൽ കിടന്ന സോഫയിൽ പോയിക്കിടന്നു. ‘അയ്യോടി... എന്റെ അടുക്കളയിലെ പണിയൊന്നും തീർന്നില്ല. രാജേട്ടൻ ജോഗ്ഗിംങ്ങ് കഴിഞ്ഞ് ഇപ്പോവരുമല്ലോ! ഈ പെണ്ണു കാരണം ഇന്നെനിക്ക് വഴക്ക് കിട്ടും.’ ഭാനു അടുക്കളയിലേയ്ക്കോടി.

അടുക്കളയിലെത്തി നേരത്തേ നിലത്ത് വീണ കത്തിയെടുക്കാൻ കുനിഞ്ഞ ഭാനു കണ്ടത് വെളുത്ത മുട്ടകളും പേറി വരിവരിയായി നടന്നു നീങ്ങുന്ന ഉറുമ്പിൻകൂട്ടങ്ങളെയാണ്. അച്ചോടാ.... പാവം! മുട്ടകൾ കൂട്ടിൽ കൊണ്ടു വയ്ക്കാൻ പോകുകയായിരിക്കും. അവറ്റകളുടെ ഒരു കാര്യം! ഒരു സമയത്തും അടങ്ങിയിരിക്കില്ല. എപ്പോഴും അധ്വാനിച്ചു കൊണ്ടേയിരിക്കും. വിശ്രമമില്ലാതെ... മനുഷ്യർ ഇവറ്റകളെ കണ്ടു പഠിക്കണം. കത്തിയുമെടുത്ത് മെല്ലെ നിവർന്ന് പാതകത്തിൽ വെച്ചിരുന്ന റവ പ്രാത്രം കൈയ്യിലെടുത്തതും ഉറുമ്പുകൾ ഭാനുവിന്റെ കൈകൾ പൊതിഞ്ഞതും റവപാത്രം താഴെ വീണ് റവയെല്ലാം അവിടെയാകെ ചിതറിത്തെറിച്ചതും നിമിഷം കൊണ്ടായിരുന്നു.  ഉറുമ്പുകടിയേറ്റ് സഹിക്കവയ്യാതെ ദേഹമെല്ലാം തട്ടിത്തൂത്ത്, അവിടെയാകെ ചിതറിക്കിടക്കുന്നവയിലും ചിതറിത്തെറിച്ച് നീങ്ങുന്ന ഉറുമ്പുകളിലും കണ്ണുകളുടക്കിയപ്പോഴാണ് ഒരു കാര്യം ഭാനുവിന് മനസ്സിലായത്, ഉറുമ്പുകൾ തന്റെ റവയും വഹിച്ചു കൊണ്ടായിരുന്നു പൊയ്ക്കോണ്ടിരുന്നതെന്ന്. ഭാനുവിന് ദേഷ്യം സഹിക്കാൻ പറ്റിയില്ല.



പണ്ടാരം ഉറുമ്പുകൾ! ഇന്ന് ഞാനിതിനെയൊക്കെ ശരിയാക്കുന്നുണ്ട്. അവൾ ഇനി എന്തെടുത്ത് ബ്രേക്ക് ഫാസ്റ്റ് ഉണ്ടാക്കുമെന്ന ചിന്താ കുഴപ്പത്തിൽ അകപ്പെട്ട്, ഉറുമ്പുകളുടെ മേൽ ശകാരവർഷം ചൊരിഞ്ഞു കൊണ്ട് എല്ലാറ്റിനേയും ഒരുമിച്ച് തൂത്ത് കൂട്ടിവച്ച ശേഷം കടലാസ് കത്തിച്ച് അവറ്റകളുടെ ദേഹമാസകലം പൊള്ളിച്ചു... കൊന്നു കളഞ്ഞു ശത്രുക്കളെയെന്നോണം!സൈക്കോ ഭാനു. പാത്രം വീണ ശബ്ദം കേട്ട് ഓടി വന്ന അമ്മൂസ് കണ്ടത് പരാക്രമത്തോടെ ഓടി നടന്ന് ഉറുമ്പുകളെ കൂട്ടക്കൊല നടത്തുന്ന സൈക്കോ മമ്മിയെയാണ്. ചിരി വന്നെങ്കിലും അതടക്കിപ്പിടിച്ച് മമ്മിയുടെ പുറകിൽ കൈ കെട്ടിനിന്നു. തന്റെ ഉദ്യമത്തിൽ വിജയിച്ചതിന്റെ ആഹ്ളാദത്തിൽ ‘ഹും! എന്നോടാ കളി’ എന്നു പറഞ്ഞുകൊണ്ട് തിരിഞ്ഞതും ക്രുദ്ധയായി തന്നെ നോക്കി നിൽക്കുന്ന അമ്മൂസിനെയാണ് ഭാനു കണ്ടത്.

‘മമ്മീ.... എന്തായീ കാണിച്ചത്? ഭൂമിയുടെ എത്ര അവകാശികളെയാണ് മമ്മി കൊന്നൊടുക്കിയതെന്നറിയാമോ? ‘എന്നിട്ട് അവളെ കളിയാക്കിയെന്നോണം ദുഃഖഭാവത്തോടെ പറഞ്ഞു,’ പാവങ്ങൾ! അവർക്കും നമ്മളെപ്പോലെ ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമില്ലേ? ഹും! ഒന്നിനെയെങ്ങാനുമാണോ, കൂട്ടക്കൊലയല്ലേ നടത്തിയത്... കൂട്ടക്കൊല’. ‘വെറുമൊരു പാറ്റയെ കൊല്ലാൻ പറഞ്ഞപ്പോഴുള്ള ഡയലോഗുകൾ എന്തൊക്കെയായിരുന്നു.! അനുഭവം വന്നപ്പോ കണ്ടില്ലേ... കണ്ടില്ലേ... ഉറുമ്പുകടിയും കൊണ്ടു, രാവിലത്തെ ഭക്ഷണവും അത് കൊണ്ടുപോയി. അമ്മു പൊട്ടിച്ചിരിച്ചു.

അതേയ് ... ‘ഭൂമിയുടെ അവകാശികൾ’ ആണെന്ന് വച്ച് നമ്മളെ ഉപദ്രവിക്കാൻ വരുന്ന ജീവികളെ നശിപ്പിക്കാനുള്ള അവകാശം നമുക്കും ഉണ്ട് കേട്ടോ... മമ്മീ. അവൾ ചവിട്ടിത്തുള്ളി കടന്നുപോയി. എല്ലാം കേട്ട് ഒരു ഇളിഭ്യച്ചിരിയോടെ നിന്ന ഭാനു, ഗേറ്റ് തുറന്നകത്ത് കയറി ‘എടീ... ചായ’ എന്ന് ഉറക്കെ വിളിച്ചു വരുന്ന ഭർത്താവിനെ കണ്ടതും, ‘അയ്യോ! എന്റെ ബ്രേക്ക് ഫാസ്റ്റ്...’ എന്നു നിലവിളിച്ചു കൊണ്ട് അടുക്കളയിലേയ്ക്കോടി. VK

***ഗുണപാഠം : കൊടുത്താൽ കൊല്ലത്തും കിട്ടും.***



# തിരിച്ചറിവ്





**രൂപലേഖ**
പാലക്കാട്

WMF നടത്തിയ ചെറുകഥാമത്സരത്തിൽ 3-ാം സ്ഥാനം കിട്ടിയ കഥ

ദുഃഖ സ്വപ്നങ്ങൾ കണ്ടു ഞാൻ ഞെട്ടിയുണർന്നു. വളരെ പരിചിതമായ വാക്കുകൾ സ്വപ്നത്തിൽ നിന്നും ഇറങ്ങിവന്നു എന്റെ കാതുകളിൽ കാഹളം മുഴക്കി. ഒരിക്കലും ചേരാത്ത ഒന്നിനോട് ചേർന്ന് ജീവിക്കുവാൻ ശ്രമിച്ചതിന്റെ ഫലമാണോ ഈ സ്വപ്നങ്ങൾ.? അതോ മറക്കുവാൻ കഴിയാത്ത മനസ്സിന്റെ വിങ്ങലുകളുടെ പ്രതിധ്വനിയോ? എന്നിലെ സന്തോഷകരമായ എല്ലാ ഓർമ്മകളെയും ഇല്ലാതെയാക്കിയത് ആരാണ്? ഞാൻ ചിന്തിച്ചു. എന്റെ മോഹങ്ങളുടെ വർണ്ണക്കടലാസ്സെടുത്തു തീകൂട്ടി തണുപ്പകറ്റിയവർ അപ്പോഴും ചിരിച്ചു. പക്ഷേ എന്നോട് കൂട്ടുകൂടുവാൻ ആരുമെത്തിയില്ല.

നീയൊരു വിഷാദ രോഗിയാണെന്ന് ലോകം എനിക്ക് നേരെ വിരൽചൂണ്ടിപ്പറഞ്ഞപ്പോൾ, ഏതോ യക്ഷിക്കഥ കേട്ടതുപോലെ ഞാൻ മിഴിച്ചിരുന്നു. എന്നിലെ അലിവാർന്ന ഹൃദയത്തിനുമേൽ വിഷാദമെന്ന കറുത്ത കട്ടിയാർന്ന എണ്ണച്ചായമൊഴിച്ചവർ ആർത്തുചിരിച്ചു. എന്നിലെ വശ്യമായതെല്ലാം ക്ലാവുപിടിച്ചു തുടങ്ങിയപ്പോൾ തേങ്ങിക്കരയാൻ പോലുമാവാതെ ഞാൻ പകച്ചിരുന്നു. അലമാരയുടെ പഴയ തട്ടിൽ ആരോ ഉപേക്ഷിച്ച മുഖംമൂടി വലിച്ചണിഞ്ഞു അതിനുമേൽ ചുണ്ടുകോടുന്നപോലെ എന്തോ ഒന്ന് ഒട്ടിച്ചു വച്ച് ഞാൻ നടന്നു. തണുത്ത തെരുവിൽ, ഇരുണ്ട രാത്രിയിൽ ഒറ്റയ്ക്കായിപ്പോയ പൈതലിനെപ്പോലെ പലപ്പോഴും എന്റെ മനസ്സ് വിങ്ങിക്കരഞ്ഞു.

പക്ഷേ ആരുമത് കേൾക്കുന്നുണ്ടായിരുന്നില്ല. എനിക്ക് ചുറ്റും അടക്കം പറഞ്ഞു ചിരിക്കുന്നവരും കണ്ണുകളിൽ പരിഹാസമൊളിപ്പിച്ചവരും കൂടിവന്നു. സഹതാപത്തിന്റെ



വഴുവഴുത്ത വിരലുകൾ എനിക്ക് നീട്ടിയവരിൽ നിന്നും ഞാൻ ഓടിയകന്നു. പ്രതീക്ഷകളുടെ കനമാർന്ന തോളിൽ വീണ്ടുമൊരോ ഭാരങ്ങൾ അടിഞ്ഞുകൊണ്ടിരുന്നപ്പോൾ എനിക്ക് എന്ത് ചെയ്യുവാൻ കഴിയുമെന്ന് ഞാൻ ചിന്തിച്ചു

എനിക്ക് ചുറ്റുമുള്ള എല്ലാവരും സന്തുഷ്ടരായിരുന്നു. പേനത്തുമ്പിലെ മഷിയിലൂടെ സത്യങ്ങൾ വിളിച്ചു കൂവുവാൻ, എന്റെ മനസ്സിലെ സത്യത്തിന്റെ ചിത്രങ്ങൾ പത്രത്താളുകളിൽ പതിഞ്ഞു ലോകം അറിയുവാൻ ഞാൻ കൊതിച്ചു. ഒന്നും ചെയ്യാനാകാത്ത വിധത്തിൽ ഞാൻ തളർന്നുപോയിരുന്നു. മുറിയിൽ നിന്നും പുറത്തിറങ്ങാൻ ഭയന്ന്, എന്നെ മനസ്സിലാകുന്ന ആരെങ്കിലും എത്തുമെന്ന പ്രതീക്ഷയുടെ നാളം കരിന്തിരി കത്തും വരെ ഞാൻ കാത്തിരുന്നു. കണ്ണാടിയിലെ രൂപം എന്നെ അപരിചിതത്വത്തോടെ നോക്കിയപ്പോൾ ഞാൻ ആശയക്കുഴപ്പത്തിലായി. ഞാൻ എന്നോട് പറഞ്ഞു. നീയൊരു വിഷാദരോഗിയാണ്.

അപ്പോൾ എന്റെ പ്രതിബിംബം എനിക്ക് നേരെ പുഞ്ചിരി തൂകി. ഞാൻ കണ്ണുകൾ തുറന്നു ചുറ്റും നോക്കി. എനിക്ക് യാതൊരു ക്ഷീണവും തോന്നിയില്ല. ഞാൻ സ്വയം പറഞ്ഞു, ഞാൻ സന്തോഷവതിയാണ്. ഞാൻ മുന്നോട്ടു കാലുകൾ വച്ചു. പുഴയുടെ ആഴങ്ങളിൽ തണുത്തു വിറയ്ക്കുമ്പോൾ ഞാനൊരു മൂളിപ്പാട്ടുപാടി. പണ്ടെങ്ങോ ഞാൻ വരച്ച വർണ്ണചിത്രത്തിലെ മീൻ കുഞ്ഞുങ്ങൾ എനിക്ക് കൂട്ടായെത്തി. പ്രതീക്ഷകളുടെ ഭാരമില്ലാതെ ഒരു പൊങ്ങുതടിപോലെ ശരീരം ഉയർന്നുപൊങ്ങുന്നതോർത്തു ഞാൻ പുഞ്ചിരിച്ചു. VK



നസിമ അജ്മൽ
കൊച്ചി






WMF ഗ്ലോബൽ നേതൃത്വം ഒരുമിച്ച് ഒരുമയ്ക്കായി ഒരോണത്തിൽ...

# കാസർകോട് ജില്ലാക്കമ്മിറ്റി ടീം

ചരിത്രത്താലും സംസ്കാരത്താലും സമ്പന്നമായ, സപ്തഭാഷാ സംഗമ ഭൂമിയായ കാസർകോട് ജില്ല കേരള WMF ന്റെ ചരിത്രത്തിൽ ഇന്നലെ വിസ്മരിക്കാനാകാത്ത മുഹൂർത്തം കുറിച്ചുവെച്ചു. സംഘടനയുടെ തുടക്കംമുതൽതന്നെ പ്രവർത്തന നിരതരായി നില കൊണ്ട നാലേനാല് അംഗങ്ങൾ മാത്രമുള്ള  കാസർകോട് പലപ്പോഴും മുൻകാല പ്രവർത്തന മാതൃകകൾ ആയിരുന്നു. എന്നിട്ടും ഒരു ജില്ലാക്കമ്മിറ്റിയുടെ അഭാവം നിലനിന്ന കാസർകോഡിൽ ഇന്നലെ (05 /10/2024) ആ സ്വപ്നവും സഫലീകൃതമായി.

കേരള സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ് റഫീഖ് മരക്കാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇ. ഒ മൊയ്ദീൻ സ്വാഗതം പറഞ്ഞു. സംഘടനയുടെ നാൾവഴികളെക്കുറിച്ചും പ്രവർത്തനങ്ങളെ കുറിച്ചും അധ്യക്ഷൻ തന്റെ സംസാരത്തിൽ വിശദീകരിക്കുകയുണ്ടായി. ജില്ലാഭാരവാഹികളുടെ പാനൽ അവതരണം സ്റ്റേറ്റ് സ്പോർട്സ് ഫോറം കോഡിനേറ്റർ ജാസിർ നിർവഹിച്ചു.



യോഗം ഏകകണ്ഠമായി പാനൽ അംഗീകരിക്കുകയും, സ്റ്റേറ്റ് പ്രസിഡന്റ് റഫീഖ് മരക്കാർ ജില്ല ഭാരവാഹികളെ ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു. അബ്ദുള്ള കുഞ്ഞി (പ്രസിഡന്റ്), അമീർ പള്ളിയാൻ (സെക്രട്ടറി), സജി മാത്യു (ട്രഷറർ), സുലേഖ മാഹീൻ, ജമീല എ (വൈസ് പ്രസിഡന്റ്), സാജിദ ലത്തീഫ്, സലിം ചാല (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് പുതിയ ഭരണ സാരഥികൾ.



തുടർന്ന് പുതിയ ഭാരവാഹികൾ സദസ്സിനെ അഭിസംബോധന ചെയ്യുകയും സംഘടനയുടെ വളർച്ചക്ക് തങ്ങളുടെ സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. പുതിയ ആശയങ്ങളും മികച്ച പ്രവർത്തനങ്ങളുമായി കാസർകോട് ജില്ല ടീം സജീവമായി നിലകൊള്ളുന്നതായിരിക്കും. ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

---

# Onam: National Council Qatar










# യുഎഇ Meet Up









നിങ്ങളുടെ കൂട്ടായ പ്രവർത്തന്നതിന്റെ അംഗീകാരം ആണ് ഇന്ന് ദുബായ്. ഇനിയും വളരുവാൻ സാധിക്കട്ടെ WMF ഇനിയും ഉയരങ്ങൾ കീഴടക്കട്ടെ എല്ലാവർക്കും നന്ദി വർഗീസ് പെരുമ്പാവൂർ

---

# ഗ്ലോബൽ പ്രൊജക്റ്റ് ഭവന പദ്ധതി

ഗ്ലോബൽ പ്രൊജക്റ്റ് ഭവന പദ്ധതിയുടെ കീഴിൽ ചേർത്തലയിൽ പണിത് നൽകുന്ന ഭവനത്തിന്റെ താക്കോൽ ദാന ചടങ്ങുകളുമായി ബന്ധപ്പെട്ട ചർച്ചക്കും മറ്റ് പുരോഗതികൾ വിലയിരുത്തുന്നതിനും കേരള സ്റ്റേറ്റ് കോർ അംഗങ്ങളായ റഫീക്ക് മരക്കാർ (പ്രസിഡന്റ്), സിന്ധു സജീവ് (സെക്രട്ടറി), കബീർ റഹ്മാൻ (ട്രഷറർ), വി. എം സിദ്ധിഖ് (ഗ്ലോബൽ ജോയിന്റ് ട്രഷറർ), നോബി കെ. പി (കേരള സ്റ്റേറ്റ് ചാരിറ്റി കോഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ അവിടെ സന്ദർശനം നടത്തുകയുണ്ടായി. കേരള സ്റ്റേറ്റ് മിഷൻ ടാലെന്റ് കോഡിനേറ്റർ ഇസ്മായിൽ പടിഞ്ഞാക്കര, കേരള സ്റ്റേറ്റ് IT കോഡിനേറ്റർ സുനീർ, കോട്ടയം ജില്ല വൈ.പ്രസിഡന്റ് മത്തായി ചാക്കോ എന്നിവരും സന്നിഹിതരായിരുന്നു. ആലപ്പുഴ ജില്ല പ്രസിഡന്റ് അഡ്വ. പി.എസ് ഷാജിയുമായി പരിപാടി നടത്തിപ്പിന്റെ അവസാന ഘട്ട ചർച്ചകൾ നടത്തുകയും ചെയ്തു.





# Onam: National Council Malaysia with Founder Chairman, Prince Pallikunnel



WMF മലേഷ്യ പൊന്നോണം 2024 സെപ്റ്റംബർ 22ന് ബ്രിക് ഫീൽഡ്സിലെ കലാമണ്ഡപം ഹാളിൽ ആഘോഷിച്ചു. സാംസ്കാരികവും പരമ്പരാഗതവുമായ പരിപാടികളാൽ നിറഞ്ഞ ആഘോഷത്തിൽ ഡെപ്യൂട്ടി ഹൈ കമ്മീഷണർ ശ്രീമതി സുഭാഷിണി നാരായണൻ പങ്കെടുക്കുകയും WMF മലേഷ്യയുടെ ചാരിറ്റി പോർട്ടൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. WMF സ്ഥാപക ചെയർമാൻ ഡോ. പ്രിൻസ് പള്ളിക്കുന്നേൽ, ഗ്ലോബൽ പ്രസിഡന്റ്, ശ്രീ പൗലോസ് തേപ്പാല, ഗ്ലോബൽ ഹെൽത്ത് കോർഡിനേറ്റർ ഡോ. ഷിബു, ഗ്ലോബൽ മീഡിയ കോർഡിനേറ്റർ ശ്രീ. ഷിജു എന്നിവരുടെ സാന്നിധ്യം, പരിപാടികൾക്ക് മാറ്റ് കൂട്ടി.

ഐക്യത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമായ ഓണം വളരെ ആവേശത്തോടെയാണ് ആഘോഷിച്ചത്. ആഘോഷത്തിൽ നിന്നുള്ള അവിസ്മരണീയമായ ചില ഫോട്ടോകൾ ഇതാ!
















# SWV വീൻ നൽകുന്ന 2024ലെ വിയന്ന ബിസിനസ് അവാർഡ് Dr.പ്രിൻസ് പള്ളിക്കുന്നേലിനു നൽകി PROSI ആദരിച്ചു

പ്രോസിയെ പ്രതിനിധീകരിച്ച് ഗ്രേഷ്മ പള്ളിക്കുന്നേൽ എംഎ, എംബിഎ, വിയന്നയിലെ പാചക സമൂഹത്തിന് ഞങ്ങൾ നൽകിയ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് 2024 ഒക്ടോബർ 10ന് മാർക്സ് പാലസ്റ്റിൽ വെച്ച് ഈ അവാർഡ് സ്വീകരിച്ചു.

വിയന്ന മേയർ ഡോ. മൈക്കൽ ലുഡ്‌വിഗ്, എസ്ഡബ്ല്യുവി പ്രസിഡന്റ് മാർക്കോ ഫിഷർ, നിയുക്ത പാർലമെന്റ് അംഗം പിയ മരിയ വീനിംഗർ എന്നിവരുൾപ്പെടെ വിശിഷ്ടാതിഥികൾ ചടങ്ങിൽ പങ്കെടുത്തു. ഈ യാത്രയിൽ ഞങ്ങളെ പിന്തുണച്ച എല്ലാവർക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. ഈ അവാർഡ് ഞങ്ങളുടെ ടീമിന്റെ കൂട്ടായ പരിശ്രമത്തിന്റെയും ഞങ്ങളുടെ സമൂഹത്തിന്റെ വിശ്വാസത്തിന്റെയും പ്രതിഫലനമാണ്. എന്ന് ഡോ.പ്രിൻസ് കൂട്ടിച്ചേർത്തു.










# യുഎഇ Meet Up ഉൽഘാടനം





# Onam: Benin National Council









# Onam: Chennai Metro Council










# Onam: National Council Italy







# 'വിശ്വപൗരന് WMF ആസ്ഥാനത്ത് സ്വാഗതം'





ബഹുമാനപ്പെട്ട പാർലമെന്റ് അംഗവും മലയാളിയുടെ അഭിമാനവുമായ ഡോ ശശി തരൂർ വിയന്നയിലെ WMF ആസ്ഥാനം സന്ദർശിച്ചു. ഇത് രണ്ടാം തവണയാണ് അദ്ദേഹം വിയന്നയിലെ WMF ഓഫീസ് സന്ദർശിക്കുന്നത്.

ഡോ. തരൂരിന്റെ സന്ദർശനം, ലോകപ്രവാസി മലയാളികൾക്ക് പ്രചോദനം നൽകുന്നതാണെന്നതിൽ സംശയമില്ല. WMF ഫൗണ്ടർ ചെയർ മാൻ ഡോ.പ്രിൻസ് പള്ളിക്കുന്നേൽ, WMF ഗ്ലോബൽ വൈസ് പ്രസിഡന്റ് സിറോഷ് ജോർജ് എന്നിവരുമായി അദ്ദേഹം കൂടികാഴ്ച നടത്തി. മലയാളികൾക്കിടയിൽ മാത്രമല്ല, ഒരു റിയൽ ആഗോള മലയാളി എന്ന നിലയിൽ ലോകമെമ്പാടും ഇത്രയധികം സ്വാധീനം ചെലുത്തിയ മറ്റൊ രാൾ ഉണ്ടാകില്ല. അദ്ദേഹത്തിന്റെ അനുഭവങ്ങളും കാഴ്ചപ്പാടും അനിർവചനീയമായ ഭാഷാപാടവത്തിൽ കേൾക്കുമ്പോൾ മലയാളി എന്ന നിലയിൽ അന്തസ്സ് കൂടുന്ന അനുഭവമായി തീരും. എന്നും WMF ന്റെ അഭ്യുദയകാംക്ഷിയാണ് ഡോ.തരൂർ. WMFന്റെ പ്രവർത്തനങ്ങളിലുള്ള സംതൃപ്തി പ്രകടിപ്പിക്കുകയും വരും നാളുകളിൽ കൂടുതൽ ശക്തമായി മുന്നോട്ട് പോകുന്നതിനായി ആശംസിക്കുകയും കൂടുതൽ സഹക രണം വാഗ്ദാനം നൽകുകയും ചെയ്തിട്ടാണ് ഡോ.തരൂർ മടങ്ങിയത്.

WORLD MALAYALEE FEDERATION
WMF
WORLD'S LARGEST PRAVASI MALAYALEE NETWORK

Published by the World Malayalee Federation (WMF).
Reg No. ZVR-Zahl: 865685499, Wimbergergasse 5, 1070 Vienna,
Austria, Europe
viswakairali@worldmalayaleefederation.com